പറഞ്ഞതുപോലെ കേരള നിയമസഭ പുരോഗമനപരമായ പല നിയമങ്ങൾക്കും മാതൃകയാണ്. ഇൻഡ്യയിൽ ആദ്യമായി അഭിഭാഷക ക്ഷേമനിധി കേരളത്തിലാണ് പാസ്സാക്കിത്. ഇതും ഇൻഡ്യയിൽ ആദ്യമായിട്ടാണ്. അത് വളരെ സന്തോഷമായ കാര്യമാണ്. അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് ബുദ്ധിമുട്ടൊന്നുമില്ല എന്നാണ് പലരുടെയും ധാരണ. അവർ ദുർബല ജനവിഭാഗങ്ങളാണ്. വക്കീലന്മാർക്കും വിഷമതകളുണ്ട്. ക്ലാർക്കുമാർ വളരെയധികം ബുദ്ധിമുട്ടുന്ന ആളുകളാണ്. അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് ഇപ്രകാരം ഒരു നിയമം കൊണ്ടുവന്നതിൽ വളരെ സന്തോഷമുണ്ട്. ഞാൻ സ്വീകരിക്കാത്ത ഒറ്റ ഭേദഗതിയേയുള്ളു. മറ്റ് ഭേദഗതികളൊക്കെ നിയമം ഒന്നുകൂടി നന്നാക്കാൻ വേണ്ടിയാണ്. അത്രമാത്രം നല്ലൊരു ആത്മാവ് ഈ നിയമത്തിന് കൊടുക്കുവാൻ വേണ്ടിയാണ് ഞാൻ പ്രതിപക്ഷത്തിന്റെ പല ഭേദഗതികളും സ്വീകരിച്ചത്. സ്വീകരിക്കാത്തത് ഒന്നേയുള്ളു. തെരഞ്ഞെടുപ്പുവേണമെന്ന് പറയുന്നതിന്റെ അർത്ഥം ഒന്നുകൂടെ മനസ്സിലാക്കണം. 20 ക്ഷേമനിധികൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. അതിൽ ഒന്നിലും ഇലക്ഷനില്ല. ഇലക്ഷൻ വന്നാൽ നിരവധി അസോസിയേഷനും മറ്റു കാര്യങ്ങളുമൊക്കെയായി അതിന്റെ കൂട്ടായ്മ കളയണ്ട എന്നതുകൊണ്ടാണ് ഇവിടെ നോമിനേഷൻ കൊണ്ടുവന്നത്. മറ്റ് എല്ലാ നിലയിലും പരിശോധിക്കുകയാണെങ്കിൽ ഈ നിയമം ഒരു മാതൃകാ നിയമം തന്നെയാണ്; നല്ലൊരു നിയമമാണ്. ഉടൻതന്നെ റൂൾസ് കൊണ്ടുവന്ന് ഇത് നല്ല രീതിയിൽ നടപ്പിലാക്കുമെന്ന് നിയമസഭയ്ക്ക് ഉറപ്പുതരുന്നു.

മി. സ്പീക്കർ : 2002-ലെ കേരള അഡ്വക്കേറ്റ് ക്ളാർക്ക്സ് ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കി.

2 (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. പി. ജയരാജൻ : സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഞാനിവിടെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഗഹാൻ രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ രജിസ്റ്ററിംഗ് അതോറിറ്റിയെ അറിയിക്കണം എന്നാണ്. രജിസ്ട്രേഷൻ ആക്ടിലെ 51-ാം വകുപ്പനുസരിച്ച് ബുക്കിൽ പെട്ടെന്ന് രജിസ്റ്റർ ചെയ്യണമെന്നുള്ളതാണ് ഞങ്ങൾ വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇവിടെ ഈ ബില്ലിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് Statement of Objects and reasons. 1862 മുതൽ ബിൽ കൊണ്ടു വരുമ്പോൾ അതിന്റെ ഭാഗമാണ് Objects and reasons. അതിൽ പറഞ്ഞിട്ടുള്ളത് " The Committee constituted to study and recommend methods to improve the working of District Co-operative Banks had recommended to introduce Gehan system in all Co-operative Societies so as to relieve the borrowers from the obligation for registration of instruments of mortgage executed in favour of the societies" എന്നാണ്. ജില്ലാ ബാങ്കുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശുപാർശ സമർപ്പിക്കാൻ വേണ്ടി ഗവൺമെന്റ് ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തതായി പറയുന്നുണ്ട്. ആ കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാണ് ഗഹാൻ സിസ്റ്റം കൊണ്ടുവരാൻ തയ്യാറായത് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. ആ കമ്മിറ്റി എപ്പോഴാണ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത് ; ഏതു കമ്മിറ്റിയാണ് എന്ന് ഈ നിയമസഭയ്ക്ക് അറിയില്ല. ആ കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുള്ള കമ്മിറ്റിയാണോ, അതല്ല ജില്ലാ സഹകരണ ബാങ്കുകൾ പിടിച്ചെടുക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാണോ ഇത് കൊണ്ടുവന്നിട്ടുള്ളത്? ഞാൻ തടസ്സവാദം ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അല്ലെങ്കിൽ പ്രസിഡന്റിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെന്ന്. എപ്പോഴാണ് അനുമതി വാങ്ങിയത്? ഈ കമ്മിറ്റിയുടെ ശുപാർശയെ തുടർന്നാണ് അനുമതി വാങ്ങിയതെങ്കിൽ അത് ഇ.വി. കുമാരന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് ആകണ്ടേ? ഇവിടെ ഏതു കമ്മിറ്റിയാണെന്ന് വ്യക്തമാക്കിയിട്ടില്ല. അരവിന്ദാക്ഷൻ കമ്മിറ്റിയുടെ ശുപാർശ ഈ സഭയുടെ മുമ്പാകെ വന്നിട്ടില്ല. എന്നാൽ ഇ.വി. കുമാരൻ കമ്മിറ്റിയുടെ ശുപാർശ ഈ സഭയുടെ മുമ്പാകെ വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ലിനെ സംബന്ധിച്ച് വളരെ സുതാര്യമായി നിയമനിർമ്മാണം നടത്തുന്ന അവസരത്തിൽ ഏതു കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കുകൂടി ഗഹാൻ വ്യവസ്ഥ ഏർപ്പെടുത്തുന്നത് എന്നുള്ളത് വ്യക്തമാക്കേണ്ടതുണ്ട്. ഇ.വി. കുമാരൻ കമ്മിറ്റിയുടെ ശുപാർശ എന്റെ കൈയിലുണ്ട്. അത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ സഭയുടെ മുമ്പാകെ വന്നിട്ടുള്ളതാണ്. അതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ജില്ലാ ബാങ്കുകളുടെ ഇന്നത്തെ ഘടനയിൽ എന്തെങ്കിലും മാറ്റം ആവശ്യമുണ്ടോ എന്നുള്ളതാണ് അതിന്റെ terms of reference-ൽ പറഞ്ഞിട്ടുള്ളത്. വേണമെങ്കിൽ അതുപ്രകാരമായിരിക്കാം. ജില്ലാ ബാങ്കുകളുടെ ഇന്നത്തെ പ്രവർത്തന രീതിയിൽ മാറ്റം വരുത്തേണ്ടതുണ്ടോ ; കൂടുതൽ ബ്രാഞ്ചുകൾ തുറന്നു പ്രവർത്തിക്കേണ്ട ആവശ്യമുണ്ടോ ; ആവശ്യമുണ്ടെങ്കിൽ അതിന് അംഗീകരിക്കേണ്ട മാനദണ്ഡമെന്താണ് ?

ജില്ലാ ബാങ്കുകളുടെ ഇന്നത്തെ രീതിയിലുള്ള വായ്പാ വിതരണ സമ്പ്രദായം പ്രാഥമിക ക്രെഡിറ്റ് സംഘങ്ങളുടെ പ്രവർത്തന പുരോഗതിയെ ബാധിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയായിരിക്കണം, വ്യക്തിഗത വായ്പകൾ ജില്ലാ ബാങ്കുകൾ തുടർന്ന് നടത്തുന്നതിനെ സംബന്ധിച്ചുള്ള അഭിപ്രായമെന്താണ് ? സ്വർണ്ണപ്പണയ വായ്പകൾ ജില്ലാ ബാങ്കുകൾ നൽകേണ്ടതുണ്ടോ ; സ്വർണ്ണപ്പണയ വായ്പകൾ തുടർന്നും നൽകേണ്ടതുണ്ടോ ; എങ്കിൽ ഇന്നത്തെ നിലയിൽ തുടരേണ്ടതുണ്ടോ ; മാറ്റം ആവശ്യമാണോ ; ആവശ്യമെങ്കിൽ ഏതു രീതിയിലുള്ളതായിരിക്കണം ; വ്യക്തിഗത വായ്പകളും സ്വർണ്ണപ്പണയ വായ്പകളും ജില്ലാ ബാങ്കുകൾ നൽകുന്നതുമൂലം പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുന്നു ? ഈ കമ്മിറ്റിയുടെ ശുപാർശയിലൊന്നാണ് ഈ പ്രാഥമിക സഹകരണ സംഘങ്ങളിലും ഗഹാൻ വ്യവസ്ഥ ഏർപ്പെടുത്തണമെന്നുള്ളത്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം കടം വാങ്ങുമ്പോൾ, അത് രജിസ്ട്രബിൾ ആകുമ്പോൾ സ്വാഭാവികമായും വലിയ സാമ്പത്തിക ബാധ്യതയാണ് വരുന്നത്. ഒരു ലക്ഷം രൂപ കടം വാങ്ങുന്ന അവസരത്തിൽ ആ കടം കിട്ടുന്നതിനുവേണ്ടി രജിസ്ട്രാർ ഓഫീസിൽ പോയി രജിസ്റ്റർ ചെയ്യുക എന്നുപറഞ്ഞാൽ സ്വാഭാവികമായും ആയിരക്കണക്കിന് രൂപ രജിസ്ട്രേഷനുവേണ്ടി ചെലവാകും. രജിസ്ട്രേഷനുവേണ്ടി മാത്രമല്ല, അതേത്തുടർന്ന് കടം വാങ്ങിയ വായ്പ തിരിച്ചടച്ചു കഴിഞ്ഞാൽ ഒഴിമുറി വയ്ക്കുന്ന അവസരത്തിൽ release deed രജിസ്റ്റർ ചെയ്യണമെന്നുള്ളതാണ് വ്യവസ്ഥ. ഇതു രണ്ടും കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് ഗഹാൻ വ്യവസ്ഥ ഏർപ്പെടുത്തുന്നതിനെ ഞാൻ അനുകൂലിക്കുകയാണ്. പക്ഷേ, ഇന്ന് നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാർ അനുഭവിക്കുന്ന പ്രയാസം വളരെ വലുതാണ്. ആ പ്രയാസത്തിന്റെ പ്രതിഫലനം ഇന്ന് സഹകരണ സംഘങ്ങളെക്കൂടി ബാധിക്കുകയാണ്. കാരണം സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം കൃഷിക്കാരുടെ സാമ്പത്തികമായിട്ടുള്ള ദുരിതംമൂലം, കൃഷിക്കാരന് കടമെടുത്ത തുക തിരിച്ചടയ്ക്കാൻ കഴിയുന്നില്ല. ഇങ്ങനെ കടം തിരിച്ചടയ്ക്കാൻ കഴിയാത്തതിന്റെ ഫലമായി സഹകരണ ബാങ്കുകൾ ഏറ്റവും വലിയ പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ സംസ്ഥാനത്തെ കൃഷിക്കാരെ സഹായിക്കാനാണെന്ന് ഭാവിച്ചുകൊണ്ട് ഈ ഗവൺമെന്റ് കടാശ്വാസ നിയമം കൊണ്ടുവന്നു. ആ കടംകൊണ്ട് പൊറുതിമുട്ടുന്ന കൃഷിക്കാരനെ സഹായിക്കാൻ വേണ്ടി നിങ്ങൾ കാർഷിക കടാശ്വാസ നിയമം കൊണ്ടുവന്നു. എത്ര രൂപയാണ് കൊടുത്തിട്ടുള്ളത് ? യഥാർത്ഥത്തിൽ കാർഷിക കടാശ്വാസ നിയമംകൊണ്ട് കൃഷിക്കാരന് നേട്ടമുണ്ടായില്ല എന്നുമാത്രമല്ല, കൃഷിക്കാരന് കടം കൊടുത്തിട്ടുള്ള സഹകരണ സംഘങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലാകുന്ന അവസ്ഥയാണുണ്ടായിട്ടുള്ളത്. ഇവിടെ സഹകരണസംഘം രജിസ്ട്രാർ അയച്ചിട്ടുള്ള ഒരു സർക്കുലറുണ്ട്. ആ സർക്കുലറിൽ പറയുന്നത് എന്താണ് ? കാർഷിക കടത്തിന് ആക്ട് പ്രകാരമുള്ള താല്ക്കാലികാശ്വാസത്തിനുള്ള ആനുകൂല്യം സഹകരണ സംഘങ്ങളിൽ നിന്നും ചെറുകിട കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പ ബാധകമാക്കുന്നതിന് സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരിക്കുന്നു. 2001-ലെ കേരള കാർഷിക കടാശ്വാസ നിയമം 5(1) വകുപ്പു പ്രകാരം 50,000 രൂപവരെയുള്ളത്, ആക്ട് പ്രാബല്യത്തിൽ വന്ന 29-12-2001-ൽ കുടിശ്ശികയായിട്ടുള്ള കടത്തിനു മാത്രമേ ഈ പദ്ധതിപ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളൂ എന്ന് സർക്കുലറിൽ വിശദീകരണം നൽകിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇക്കാര്യത്തിൽ കോടതി ഇടപെട്ടു. ഇതു കൃഷിക്കാരെ കബളിപ്പിക്കുന്ന ഒരു കടാശ്വാസ നിയമമാണെന്നു ഹൈക്കോടതിക്കുപോലും ബോദ്ധ്യപ്പെട്ടു. എന്നിട്ട് ആ സർക്കുലറിൽ പറയുന്നത് എന്താണ് ? കടം എന്ന വാക്കിന്, സൂചന (2), സർക്കുലറിൽ, ആക്ട് പ്രാബല്യത്തിൽ വന്ന 29-12-01-ൽ കുടിശ്ശികയായ കടം എന്നു നൽകിയിരിക്കുന്ന വിശദീകരണം കടാശ്വാസ നിയമത്തിന്റെ ഉദ്ദേശത്തെത്തന്നെ പരാജയപ്പെടുത്തുന്നതാണെന്നും ആക്ട് പ്രാബല്യത്തിൽ വന്ന തീയതിയിൽ കുടിശ്ശിക അല്ലെങ്കിൽപ്പോലും ചെറുകിട കാർഷിക കടക്കാർക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹതയുണ്ടെന്ന കേരളാ ഹൈക്കോടതിയുടെ സൂചന (3)-ലെ വിധിന്യായത്തിൽ വ്യക്തമാക്കുകയും സഹകരണ രജിസ്ട്രാറുടെ 30-4-02-ലെ 16/2-ാം നമ്പർ സർക്കുലർ അസാധുവാക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക കടംകൊണ്ട് കൃഷിക്കാരന് യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. ഈ നിയമത്തിലെ വ്യവസ്ഥകൾതന്നെ കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ദ്രോഹകരമായിരുന്നു. മാത്രവുമല്ല, ഇങ്ങനെയുള്ള വ്യവസ്ഥ കാരണം സഹകരണ സംഘങ്ങളാണ് പ്രതിസന്ധിയിലായിട്ടുള്ളത്. അതാണ് ഈ ഗവൺമെന്റിന്റെ സമീപനം. കൃഷിക്കാരെ സഹായിക്കുക എന്നുള്ളതല്ല. യഥാർത്ഥത്തിൽ കടം കൊണ്ട് പൊറുതിമുട്ടിയ കൃഷിക്കാരുടെ കണ്ണിൽ പൊടിയിടാനുള്ള സമീപനവുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഇന്ന് ഗഹാൻ വ്യവസ്ഥ ഏർപ്പെടുത്തുന്ന അവസരത്തിൽ സഹകരണ ക്രെഡിറ്റ് മേഖലയുടെ അവസ്ഥ എന്താണ് ? സംസ്ഥാന സഹകരണ ബാങ്കും 20 ബ്രാഞ്ചുകളും 9010 അംഗസംഖ്യയോടുകൂടിയ 14 ജില്ലാ സഹകരണ ബാങ്കുകളും ഒരു കോടി പതിനൊന്ന് ലക്ഷത്തിലധികം വ്യക്തിഗത അംഗങ്ങളുമുള്ള 1593 പ്രൈമറി അഗ്രികൾച്ചറൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റികളും അടങ്ങുന്നതാണ് കേരളത്തിലെ ക്രെഡിറ്റു മേഖല എന്നു പറയുന്നത്. ബാങ്കിംഗ് രംഗത്ത് കേരളത്തിലെ മൊത്ത നിക്ഷേപം അറുപത്തിയാറായിരത്തിതൊണ്ണൂറ്റി എട്ട് കോടി രൂപയാണ്. ഇതിൽ പന്ത്രണ്ടായിരം കോടി രൂപ സഹകരണ മേഖലയിലാണ്. സാമ്പത്തിക അടിത്തറയിലും പ്രവർത്തനക്ഷമതയിലും സേവനങ്ങൾ നൽകുന്നതിലും ക്രെഡിറ്റു മേഖല ലോകോത്തരമാണെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. നിക്ഷേപത്തിലും വായ്പാ നിരക്കിലും കേരളമാണ് ഏറ്റവും മുന്നിൽ. ക്രമാനുഗതമായിട്ടാണ് അഭൂതപൂർവ്വമായിട്ടുള്ള വളർച്ച കൈവരിച്ചത്. കാർഷിക മേഖലയിലെ വിലത്തകർച്ചയും വ്യാവസായിക മേഖലയിലെ മുരടിപ്പും വായ്പയുടെ തിരിച്ചടവിൽ ഗണ്യമായ തോതിൽ കുറവ് വരുത്തിയിരിക്കുന്നു. അവിടെ കുടിശ്ശികയിൽ വന്ന വർദ്ധനവാണ് നഷ്ടം വർദ്ധിപ്പിക്കുന്ന മുഖ്യമായ ഘടകം. പലിശ നിരക്കുകൾ ക്രമമായി കുറഞ്ഞു വരുന്നതിനാൽ സംഘങ്ങളുടെ മാർജിനും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കാർഷിക വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തി നടപടികളെ അഭിമുഖീകരിക്കുന്നവരെ സഹായിക്കാൻ കാർഷിക കടാശ്വാസ പദ്ധതി പ്രഖ്യാപിച്ചതിന്റെ കാര്യം ഞാൻ ഇവിടെ പറഞ്ഞു. വൺടൈം സെറ്റിൽമെന്റും ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കൂടിയ നിരക്കിൽ, പതിനാലും

LIBRARY ARCHIVES Kerala Legislative Assembly

പതിനഞ്ചും ശതമാനത്തിൽ ഡെപ്പോസിറ്റ് സ്വീകരിച്ച് പതിനേഴും പതിനെട്ടും ശതമാനത്തിനു വായ്പ നൽകുന്ന സംഘങ്ങൾ അവധി ബാക്കി പലിശയടക്കം ഇരുപതും ഇരുപത്തിയൊന്നും ശതമാനം ഈടാക്കേണ്ടുന്ന സാഹചര്യത്തിൽ പതിമൂന്നും പതിനാലും ശതമാനത്തിനു വൺടൈം സെറ്റിൽമെന്റ് നടത്തണമെന്ന് സർക്കാർ പറയുമ്പോൾ ഉണ്ടായിരിക്കുന്ന ഭീമമായ നഷ്ടം ആര് നികത്തിക്കൊടുക്കും ? സംഘങ്ങൾ നഷ്ടത്തിലേക്കു പോയിക്കഴിഞ്ഞാൽ ഗ്രാമീണ മേഖലയിലെ കൃഷിക്കാരെ സഹായിക്കാൻ ആരാണുണ്ടാവുക ? ഇത്തരത്തിലുള്ള പ്രതിസന്ധികളെ അതിജീവിക്കുവാൻ പ്രയാസപ്പെടുന്ന ക്രെഡിറ്റ് സംഘങ്ങളെ സഹായിക്കാനും സംരക്ഷിക്കാനും തയ്യാറാകുന്നതിനു പകരം സർക്കാർ സ്വീകരിക്കുന്ന നടപടികൾ പ്രതിസന്ധിയിലേക്ക് നയിക്കുകയാണ്. പലിശ നിരക്ക് നിർണ്ണയിക്കുന്നതിൽ പൂർണ്ണസ്വാതന്ത്ര്യം ബാങ്കുകൾക്കു നൽകിക്കൊണ്ടുള്ളതാണ് ആർ.ബി.ഐ.-യുടെ നയം. എന്നാൽ 2002 ഒക്ടോബർ മാസത്തിൽ ആർ.ബി.ഐ. പുറപ്പെടുവിച്ച അർദ്ധവാർഷിക ക്രെഡിറ്റു പോളിസിക്ക് സഹകരണ ബാങ്ക് അര ശതമാനത്തിൽ കൂടുതൽ പലിശയ്ക്ക് നിക്ഷേപം സ്വീകരിക്കുന്നതിനു ആർ.ബി.ഐ. കർശനമായി നിയന്ത്രിച്ചിരിക്കുകയാണ്. ഇത് സഹകരണ മേഖലയെ അങ്ങേയറ്റം പ്രയാസത്തിൽപ്പെടുത്തിയിരിക്കുകയാണ്. ഇന്നു എന്താണ് സഹകരണ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത് ? ബഹുമാനപ്പെട്ട മന്ത്രി അധികാരത്തിൽ വന്നതിനുശേഷം ഒരു ദുശ്ശാസനനെപ്പോലെ സഹകരണ മേഖലയെ തകർത്തു കൊണ്ടിരിക്കുകയാണ്. ഇവിടെ ജില്ലാ ബാങ്കുകളുടെ ഘടനയെക്കുറിച്ചു പരിശോധിക്കാൻ കമ്മിറ്റികൾ ഉണ്ടെന്നു പറഞ്ഞു. പക്ഷേ ആ കമ്മിറ്റി ഏതാണെന്നു വ്യക്തമല്ല. ആ കമ്മിറ്റി യഥാർത്ഥത്തിൽ ഇ. വി. കുമാരൻ കമ്മിറ്റിയായിരിക്കും. കാരണമെന്താണ്? ഇന്ത്യൻ പ്രസിഡന്റിന്റെ അനുമതിയോടുകൂടി, കൺകറൻസോടുകൂടി ഈ ബിൽ ഇവിടെ അവതരിപ്പിക്കണമെങ്കിൽ അതു ഇ. വി. കുമാരൻ കമ്മിറ്റിയുടെ ശുപാർശയായിരിക്കണം. ആ കമ്മിറ്റിയുടെ ശുപാർശ ജില്ലാ ബാങ്കുകൾ എന്നു പറയുന്നത് പ്രാഥമിക കാർഷികസഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായിട്ട് നിലനിർത്തണം. അല്ലാതെ മറ്റു കാർഷികേതര സംഘങ്ങൾക്ക് അതിൽ മെമ്പർഷിപ്പ് കൊടുക്കാൻ പാടില്ല എന്നാണ്. ആ കമ്മിറ്റിയുടെ ശുപാർശകളെ മറികടന്നുകൊണ്ട് അരവിന്ദാക്ഷൻ കമ്മിറ്റിയെ വച്ചു. അപ്പോൾ സംഭവിച്ചത് എന്താണ്? പൂച്ച പെറ്റ കുഞ്ഞിനെ ആ തള്ളപ്പൂച്ച് തിന്നതുപോലെ അരവിന്ദാക്ഷൻ കമ്മിറ്റിയുടെ ശുപാർശ വന്നു. ആ അരവിന്ദാക്ഷൻ സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റായി . നമ്മുടെ സംസ്ഥാനത്ത് കോ-ഓപ്പറേറ്റീവ് സർക്കിൾ യൂണിയനുകൾ ഉണ്ട്. ആ സർക്കിൾ കോ-ഓപ്പറേറ്റീവ് യൂണിയനിൽ ഇപ്പോൾ തെരഞ്ഞെടുപ്പ് നടക്കുന്നില്ല. അതൊരു നോമിനേറ്റഡ് സമിതിയാണ്. എത്ര മാസമായി തെരഞ്ഞെടുപ്പ് നടന്നിട്ട് ? തെരഞ്ഞെടുപ്പ് നടക്കുന്നില്ല. എന്നിട്ട് സഹകരണ വകുപ്പുമന്ത്രി ഇവിടെ പറയുന്നത് സഹകരണരംഗത്ത് രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കണമെന്നാണ്. തീർച്ചയായിട്ടും സഹകരണ രംഗത്ത് രാഷ്ട്രീയ അതിപ്രസരം ഉണ്ട്. രാഷ്ട്രീയം വേണം. രാഷ്ട്രീയ അതിപ്രസരം ഒഴിവാക്കണം. അതിനോടു ഞങ്ങളും യോജിക്കുകയാണ്. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വത്തിൽ സഹകരണരംഗത്ത് എന്താണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത്? രാഷ്ട്രീയ അതിപ്രസരമല്ലേ? രാഷ്ട്രീയത്തിന്റെ അതിപ്രസരമുള്ളതുകൊണ്ടാണ് ജില്ലാ സഹകരണ ബാങ്കുകളുടെ ഘടനയെ ആകെ തകർത്തുകൊണ്ട് അവിടെ അട്ടിമറി നടത്തിയത്. ഇന്നിപ്പോൾ സഹകരണ മേഖലയിലെ രാഷ്ട്രീയ അതിപ്രസരം കൊണ്ടാണല്ലോ മന്ത്രിയുടെ പാർട്ടിക്കാരൻ ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റായത്. അയാൾ കണ്ണൂർ ജില്ലക്കാരനാണ്. രാഷ്ട്രീയ അതിപ്രസരം കൊണ്ടല്ലെങ്കിൽ ആളില്ലാത്ത പാർട്ടിയുടെ നേതാവായിട്ടുള്ള ഒരാൾ ജില്ലാ സഹകരണ ബാങ്കിന്റെ പ്രസിഡന്റാകുന്നത് എങ്ങനെയാണ്? ശ്രീ. എം. വി. രാഘവന്റെ പാർട്ടിക്കാരനായിട്ടുള്ള മൂസാൻകുട്ടി സർക്കിൾ സഹകരണ യൂണിയന്റെ ചെയർമാനായി നോമിനേറ്റു ചെയ്യുകയാണ്. അപ്പോൾ ഈ ഗവൺമെന്റിന്റെ കാലത്ത് രാഷ്ട്രീയ അതിപ്രസരമാണ് നടന്നുകൊണ്ടിരിക്കുന്നത്. സഹകരണ മേഖലയിലെ ജനാധിപത്യസംവിധാനമാകെ അട്ടിമറിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്ത് ഏറ്റവും മെച്ചപ്പെട്ട നിലയിലുള്ള സഹകരണ നിയമമുണ്ട്. 1969-ലെ സഹകരണ നിയമം ഇന്ത്യയിലെ സഹകരണ മേഖലയ്ക്കു തന്നെ മാതൃകയായിട്ടുള്ളതാണ്. ആ നിയമത്തിൽ സ്ഥാപനങ്ങൾ ലിക്വിഡേറ്റു ചെയ്യുന്നതിനെ സംബന്ധിച്ച് വ്യവസ്ഥകൾ ഉണ്ട്. സഹകരണ മേഖലയിൽ രാഷ്ട്രീയ അതിപ്രസരം നടക്കുന്നത് ശ്രീ. എം. വി. രാഘവന്റെ നേതൃത്വത്തിലാണ്. ആ നിയമത്തിലെ വ്യവസ്ഥ എന്താണ്? The Liquidator shall complete the winding up proceedings within a period of three years from the date of his appointment under Sub-section 1 of Section 72. ആ സഹകരണ നിയമത്തിലെ 72-ാം വകുപ്പനുസരിച്ച് ഒരു സ്ഥാപനത്തിൽ ലിക്വിഡേറ്ററെ നിയമിച്ചു കഴിഞ്ഞാൽ, മൂന്ന് വർഷത്തിനകം ലിക്വിഡേറ്റർ അതിന്റെ നടപടിക്രമം പൂർത്തിയാക്കണം എന്നുണ്ട്. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് പിടിച്ചെടുക്കാൻവേണ്ടി ഈ മന്ത്രിയുടെ നേതൃത്വത്തിൽ തന്നെയാണ് ശ്രമം നടന്നത്. 25 കൊല്ലങ്ങൾക്കു മുമ്പ് ലിക്വിഡേറ്റ് ചെയ്തിട്ടുള്ള സംഗതി, നിയമലംഘനം നടത്തി സ്ഥാപനങ്ങളെക്കൊണ്ട് വോട്ട് ചെയ്യിച്ച തെളിവാണ് ഞാൻ പറയുന്നത്. നിയമം അതിന്റെ വഴിക്കു പോകും എന്നുള്ളതിന്റെ തെളിവാണിത്. ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ഞാൻ പറയുന്നത്. ഏറെ ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമെന്നു പറയുന്നത് കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ആരൊക്കെയാണ് വോട്ട് ചെയ്തത്? അവിടെ ലിക്വിഡേഷന്റെ നടപടി പൂർത്തീകരിക്കുക മാത്രമല്ല ജില്ലാ സഹകരണ ബാങ്കിൽ നിന്ന് മെമ്പർഷിപ്പ് തുകയടക്കം, ഷെയർതുകയടക്കം തിരിച്ചുകൊടുത്തിട്ടുള്ള സംഘങ്ങളെയാണ് നിങ്ങൾ വോട്ട് ചെയ്യാൻ അനുവദിച്ചത്. നിങ്ങൾക്ക് സഹകരണ മേഖലയുടെ ജനാധിപത്യത്തെക്കുറിച്ച് ഒരു വാക്കെങ്കിലും പറയാൻ അവകാശമുണ്ടോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : Please conclude.....Please conclude..... .Please resume your seat.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : 25 കൊല്ലത്തിനുമുൻപ് ലിക്വിഡേറ്റ് ചെയ്ത സംഘത്തെ, ജില്ലാ സഹകരണ ബാങ്കിൽ നിന്നും ഷെയർ തുകയടക്കം തിരിച്ചു വാങ്ങിയിട്ടുള്ള സംഘങ്ങൾക്കാണ് നിങ്ങൾ വോട്ടവകാശം കൊടുത്തത്.

മി. ഡെപ്യൂട്ടി സ്പീക്കർ : Please conclude.....Please conclude..... Please resume your seat.....Please conclude Mr. Jayarajan.

ശ്രീ. പി. ജയരാജൻ : അഡ്മിനിസ്ട്രേറ്റർമാർക്ക് വോട്ടവകാശം കൊടുക്കാൻ പാടില്ല എന്ന് സുപ്രീംകോടതി വിധി വന്നിട്ടുള്ളതാണ് ഇവിടെ സുപ്രീംകോടതി വിധിപോലും മാനിക്കാതെ അഡ്മിനിസ്ട്രേറ്റർമാർക്ക് വോട്ടവകാശം കൊടുത്തു എന്നുമാത്രമല്ല.....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സാജു പോൾ.....

ശ്രീ. പി. ജയരാജൻ : സർ, ഞാൻ അവസാനിപ്പിക്കുകയാണ്... ജില്ലാ സഹകരണബാങ്കിൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ : Please resume your seat.....Please conclude.

ശ്രീ. പി. ജയരാജൻ : സഹകരണ രംഗത്ത് രാഷ്ട്രീയത്തിന്റെ അതിപ്രസരം ആരുടെ നേതൃത്വത്തിൽ നടക്കുന്നു ? ശ്രീ. എം. വി. രാഘവന്റെ നേതൃത്വത്തിൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ : ചെയറിനെ ധിക്കരിച്ചുകൊണ്ട് സംസാരിക്കുന്നത് ശരിയല്ല. Please conclude.....Please resume your seat.

ശ്രീ. പി. ജയരാജൻ : നിങ്ങൾ സഹകരണരംഗത്തെ മാനിച്ചോ..... ? നിങ്ങൾ സഹകരണ രംഗത്ത് ജനാധിപത്യ കശാപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത് രക്ഷപ്പെടാൻ പോകുന്നില്ല എന്നുപറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സാജു പോൾ : സർ, റബ്കോ അടക്കമുള്ള കേരളത്തിലെ മഹത്തായ സഹകരണ പ്രസ്ഥാനം കാർഷിക, വ്യാവസായിക, പരമ്പരാഗത രംഗങ്ങളിൽ ഏറ്റവും അഭിമാനപൂർവ്വം ഉയർത്തിക്കാണിക്കാവുന്നതാണ്. ശ്രീ. എം. എം. ഹസ്സന്റെയടക്കം പങ്കാളിത്തത്തോടുകൂടിയാണ് കേരളത്തിൽ സഹകരണ കോൺഗ്രസ് സംഘടിപ്പിച്ചത്. ശ്രീ. പിണറായി വിജയനും ശ്രീ. എസ്. ശർമ്മയും സഹകരണ വകുപ്പുമന്ത്രിമാരായിരുന്നപ്പോഴാണ്, പല പരിഷ്ക്കാരങ്ങളും കൊണ്ടുവന്നത്. തിരുവനന്തപുരത്ത് ഗാന്ധിപാർക്ക് മൈതാനത്ത് ശ്രീ. എം. എം. ഹസ്സന്റെ സാന്നിദ്ധ്യത്തിലാണ് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ പങ്കെടുത്തുകൊണ്ട് സഹകരണ കോൺഗ്രസ്സിന്റെ തീരുമാനങ്ങൾ പ്രഖ്യാപിച്ചത് ; ഭരണസമിതിയുടെ കാലാവധി അഞ്ചു വർഷമായി നിശ്ചയിച്ചതടക്കമുള്ള പല പ്രധാനപ്പെട്ട തീരുമാനങ്ങളും നടപ്പാക്കിയത് കോൺഗ്രസ്സിന്റെ തീരുമാനപ്രകാരമാണ്. 1590-ഓളം വരുന്ന പ്രാഥമിക സഹകരണ ബാങ്കുകളിലെ കൃഷിക്കാർക്കും

വായ്പയെടുക്കുന്നവർക്കും ഗഹാൻ എന്ന പുതിയ സംവിധാനത്തിന്റെ ഗുണഫലങ്ങൾ ലഭിക്കുന്നതിന് ഞങ്ങൾ എതിരല്ല. അത്തരം ഒരു സംവിധാനം കൊണ്ടുവന്നാൽ രജിസ്ട്രേഷൻ ഇനത്തിൽ ഇന്ന് ഭീമമായ തുക ചെലവാക്കേണ്ടിവരുന്ന, കടബാദ്ധ്യതയിൽ കിടന്ന് നട്ടം തിരിയുന്ന കൃഷിക്കാർക്ക് ആനുകൂല്യം ലഭിക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പാണുള്ളത്. വായ്പ എടുക്കുന്നവർക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ വേണ്ടി സർക്കാരിന് വളരെ തുച്ഛമായ തുകയേ നഷ്ടപ്പെടുന്നുള്ളൂ. ഏതാണ്ട് 30 കോടി രൂപയിൽ താഴെ മാത്രമേ സർക്കാരിന് നഷ്ടമാകുന്നുള്ളൂ. പ്രാഥമിക സഹകരണ സംഘങ്ങൾ അയ്യായിരം രൂപ മുതൽ ഒരു ലക്ഷം രൂപവരെ വായ്പ കൊടുക്കുന്നവയാണ്. ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ 50 ലക്ഷം രൂപവരെ വായ്പ കൊടുക്കുന്നുണ്ട്. അതുപോലെത്തന്നെ ഏതാണ്ട് ഏഴായിരം കോടിയോളം രൂപ സ്വത്ത് ജാമ്യത്തിൽ കേരളത്തിൽ വായ്പകൊടുക്കുമ്പോൾ അതിൽ ആറായിരം കോടിയോളം രൂപ സഹകരണേതര ഷെഡ്യൂൾഡ് ദേശസാൽകൃത ബാങ്കുകളാണ് വിതരണം ചെയ്യുന്നത്. കാർഷിക സംഘങ്ങൾ വഴി 500 കോടി രൂപയും ജില്ലാ സഹകരണ ബാങ്കുകൾ 500 കോടി രൂപയും വിതരണം ചെയ്യുമ്പോൾ സർക്കാരിന് ലഭിക്കുന്ന 30 കോടി രൂപയോളം മാത്രം വരുന്ന വരുമാനം ഒഴിവാക്കിക്കൊണ്ട് ഇത്തരത്തിലുള്ള ഒരു സംവിധാനം കൊണ്ടുവരണമെന്ന് വളരെക്കാലമായി സഹകരണ പ്രസ്ഥാനത്തിലാകെ ആവശ്യമുയർന്നു വന്നിരുന്നു. പ്രാഥമിക സഹകരണസംഘങ്ങളെ സഹായിക്കുന്നതിനു കൂടിയാണെങ്കിൽ ചിട്ടിയുടെ രജിസ്ട്രേഷൻ ഫീസിൽ നിന്നുമുൾപ്പെടെ അവരെ ഒഴിവാക്കേണ്ടതാണ്. ബാങ്കിൽ നൽകുന്ന ഒരു കരാർ രജിസ്ട്രാർക്ക് അയച്ചു കൊടുത്തുകൊണ്ട് ഗഹാൻ എന്നുപറയുന്ന പുതിയ സംവിധാനമേർപ്പെടുത്തുമ്പോൾ കൃഷിക്കാർക്ക് വലിയ ആശ്വാസമാകും. ഇപ്പോൾ ഒരു ലക്ഷം രൂപ വായ്പയെടുത്താൽ ഒന്നര ലക്ഷം രൂപ പലിശയടക്കം കടംവീട്ടി തീരുമ്പോൾ ആ ഒന്നര ലക്ഷം രൂപയ്ക്കും ഒഴിവുകുറി വാങ്ങുമ്പോൾ ഫീസ് അടയ്ക്കേണ്ട ഒരവസ്ഥയാണുള്ളത്. പ്രാഥമിക സഹകരണസംഘങ്ങൾ റിലീസ് ഡീഡ് വയ്ക്കുന്നതിന്റെ കോപ്പികൂടി രജിസ്ട്രാർക്ക് അയച്ചുകൊടുത്ത് റിലീസ് ഡീഡിന്റെ രേഖ രജിസ്ട്രാർക്ക് ലഭ്യമാക്കണമെന്നുള്ള വ്യവസ്ഥ ഇല്ലാത്തതിന്റെ പേരിലുള്ള വിയോജനക്കുറിപ്പാണ് ഞങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. പക്ഷെ ഗഹാൻ സംവിധാനമുൾപ്പെടെ കൊണ്ടുവന്ന് സഹകരണ പ്രസ്ഥാനത്തിന് കൂടുതൽ ഓജസ്സുണ്ടാക്കാൻവേണ്ടി ശ്രമിക്കുമ്പോൾത്തന്നെ സഹകരണ മേഖലയെ ഇല്ലായ്മ ചെയ്യത്തക്കവിധത്തിലുള്ള, ഇവിടെ ശ്രീ. പി. ജയരാജൻ സൂചിപ്പിച്ചതുപോലെ സഹകരണ രംഗത്ത് ജനാധിപത്യ ധ്വംസനം നടന്നുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ കാര്യംഎടുത്താൽ മതി. അത്തരത്തിലുള്ള ഒരുപാട് അധാർമ്മിക പ്രവർത്തനങ്ങൾ നിർഭാഗ്യവശാൽ സഹകരണമേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുഭൂരിപക്ഷം സംഘങ്ങളും ഇടതുപക്ഷ മുന്നണിയുടെയോ അല്ലെങ്കിൽ ഐക്യജനാധിപത്യ മുന്നണിയുടേയോ നേതൃത്വത്തിലുള്ള ഭരണ സമിതികൾ ഭരണം കയ്യാളുമ്പോൾ കോൺഗ്രസ്സിന്റെ തന്നെ നേതൃത്വത്തിലുള്ള സഹകരണ ബാങ്കുകളുടെ നേതാക്കൻമാർക്ക് ഇപ്പോൾ അനുവർത്തിക്കുന്ന ജനാധിപത്യ ധ്വംസന പ്രവർത്തനങ്ങളോട് അനുകൂലമായ നിലപാടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ : ബഹുമാനപ്പെട്ട സാജുപോൾ നമ്മുടെ സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്ന ക്രമവിരുദ്ധമായ കാര്യങ്ങളെപ്പറ്റി സൂചിപ്പിക്കുകയുണ്ടായി. എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് സഹകരണ മേഖലയിൽ ഉയർന്നുവന്നിട്ടുള്ള ആക്ഷേപം സഹകരണമേഖലയിലെ പണം ട്രഷറിയിൽ നിക്ഷേപിച്ചു എന്നുള്ളതാണ്. ഈ ഗവൺമെന്റ് 26-6-2003-ന് നൽകിയിരിക്കുന്ന മറുപടിയിൽ പ്രാഥമിക സംഘങ്ങൾ മൊത്തത്തിൽ 318.09 കോടി രൂപ സർക്കാർ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുള്ള കാര്യം ശ്രീ. സാജുപോളിന് അറിയാമോ ?

ശ്രീ. സാജു പോൾ : സഹകരണ മേഖല അപ്പാടെ തകർക്കുന്ന വിധത്തിൽ സ്വാശ്രയ സംഘങ്ങൾക്കുകൂടി രജിസ്ട്രേഷൻ കൊടുക്കുന്നതിനെ കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സഹകരണ സംഘങ്ങൾ ആർക്കും എവിടേയും ഇഷ്ടംപോലെ രജിസ്റ്റർ ചെയ്ത് ഇപ്പോൾ കൈകാര്യം ചെയ്തു കൊണ്ടിരിക്കുന്ന ഏതു മേഖലയിലേക്കും കടന്നുകയറാൻ അവസരം ലഭിച്ചാൽ സ്വാഭാവികമായും ഇന്നുള്ള സഹകരണപ്രസ്ഥാനം അപ്പാടെ തകർന്നുപോകും. അതിന്റെ ആദ്യപടി എന്നുള്ള നിലയിൽ റൂറൽ ബാങ്കുകൾ നാടുനീളെ ആരംഭിച്ചിരിക്കുകയാണ്. റൂറൽ ബാങ്കുകളുടെ പ്രവർത്തനം ഏത് രൂപത്തിൽ നിജപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് ഇപ്പോഴും മനസ്സിലാകുന്നില്ല. അതുപോലെ ജനാധിപത്യ വിരുദ്ധമായി പ്രവർത്തിക്കുന്ന കാര്യത്തിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് മാത്രം ഉദാഹരണമായി എടുത്താൽ മതി. ഇപ്പോൾ അവിടത്തെ ജോയിന്റ് രജിസ്ട്രാറെ ലീവെടുപ്പിച്ച് വീട്ടിലിരുത്തി. തോറ്റ ഒരാളുടെ പരാതി പ്രകാരം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഇപ്പോഴും അധികാരത്തിലിരിക്കുകയാണ്. എന്ത് നീതിയാണ് ? ജനാധിപത്യത്തെക്കുറിച്ചും സുതാര്യതയെക്കുറിച്ചും വായ്തോരാതെ പ്രസംഗിക്കുന്ന സർക്കാരിന്റെ ഭാഗത്തുനിന്ന് ഇത്തരം ഒരു നടപടി ഉണ്ടാകുന്നത് അംഗീകരിക്കാൻ കഴിയുമോ ? ഇപ്പോൾ ഗ്രാമപഞ്ചായത്തുകളിൽ, നഗരസഭകളിൽ, കോർപ്പറേഷനുകളിൽ സംസ്ഥാന ഭരണത്തിന്റെ തന്നെ തലപ്പത്തിരിക്കുന്നവർ അധികാര തർക്കത്തിന്റെ പേരിൽ നേതൃമാറ്റം ആവശ്യപ്പെട്ടുകൊണ്ട് മുൻപ് ഒരു ഗവൺമെന്റിന്റെ കാലത്ത് പ്രതിച്ഛായ ചർച്ചയാണെങ്കിൽ ഇന്നിവിടെ പ്രതികാര ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ വേറെ ചില കാര്യങ്ങളെ സംബന്ധിച്ച് ചർച്ച നടത്തി ജനങ്ങളുടെ സമയവും അധികാരവും ഒരുക്കിക്കൊടുക്കുന്ന സംവിധാനങ്ങളും ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം അവസാനം അധികാരം പങ്കുവയ്ക്കുന്നതിൽ മാത്രം ഒതുങ്ങുന്ന ഒരു അവസ്ഥയാണ് ഉണ്ടാകുക എന്ന് നമുക്ക് ഉത്തമബോദ്ധ്യം ഉണ്ട്.

ശ്രീ. വി. കെ. ചന്ദ്രൻ : സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളും യു.ഡി.എഫ്-ലെ ഓരോ കക്ഷികൾക്കുവേണ്ടി വീതംവയ്ക്കുകയും അതിൽ പാലക്കാട് ജില്ല സി.എം.പി.-യുടെ ഒരു നേതാവിനുവേണ്ടി മാറ്റി വയ്ക്കുകയും ചെയ്തു. ആ നേതാവിന് ആ ബാങ്ക് ഭരിക്കുന്നതിനുവേണ്ടി നിലവിലുള്ള എല്ലാ മാനദണ്ഡങ്ങളും മാറ്റി മറിച്ചുകൊണ്ടാണ് പാലക്കാട് ഇത്തരത്തിലുള്ള ഒരു പ്രശ്നം ഉണ്ടാക്കിയത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : അതുൾപ്പെടെ സഹകരണ പ്രസ്ഥാനത്തിൽ സർക്കാരിന്റെ തെറ്റായ നയങ്ങൾ നിശ്ചയമായും തിരുത്തേണ്ടിവരും. ഇവിടെ പഞ്ചായത്തുകളിലും നഗരസഭകളിലും തമ്മിലടിച്ച് അധികാരതർക്കം മൂത്ത് ഭരണ സ്തംഭനം ഉണ്ടായിട്ടുള്ളത് എല്ലാവർക്കും അറിയാം. കേരളത്തിൽ ബഹുഭൂരിപക്ഷം വരുന്ന സഹകരണ ബാങ്കുകളും നല്ല അച്ചടക്കം പുലർത്തുന്നവയാണ്. അപൂർവ്വം ചില സ്ഥലങ്ങളിൽ ഏതെങ്കിലും അഴിമതിയുടേയോ ക്രമക്കേടുകളുടേയോ അധികാര തർക്കങ്ങളുടേയോ ഒക്കെ അംശങ്ങൾ നമുക്ക് കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ വലിയ തോതിൽ സാമ്പത്തിക ഇടപാട് നടത്തുന്ന ഇത്തരം സ്ഥാപനങ്ങളുടെ ചുമതലക്കാരായി നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്ന നിരവധി ആളുകൾ ഉണ്ട്.

ശ്രീ. എ. കെ. ബാലൻ : 27-4-2003-ന് പാലക്കാട് ജില്ലയിൽ തെരഞ്ഞെടുപ്പ് നടന്നു. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം 21 ബാങ്കുകൾ പിരിച്ചുവിട്ടു. 81 എണ്ണത്തിൽ അഡ്മിനിസ്ട്രേറ്റർമാർ വന്നു. എൽ.ഡി.എഫ്.-ന് എട്ട് സീറ്റും യു.ഡി.എഫ്-ന് രണ്ട് സീറ്റും കിട്ടി. എന്നിട്ടും എൽ.ഡി.എഫ്.-ന് ഭരണം കൈമാറ്റം ചെയ്തില്ല. ഹൈക്കോടതിയിൽ കൺടംപ്റ്റ് ഓഫ് കോർട്ട് വന്നു. എന്നിട്ടും ഏൽപ്പിച്ചില്ല. അതിനുശേഷം റിട്ടേണിംഗ് ഓഫീസറെ ഹൈക്കോടതിയിൽ വിളിച്ച് ശകാരിച്ചു. ഇത്രത്തോളം അപമാനിക്കപ്പെട്ട ഒരു സ്ഥിതിവിശേഷം സഹകരണ ചരിത്രത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല. ഇപ്പോഴും ജില്ലാ ബാങ്കിനെ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയിൽ ഏൽപ്പിച്ചില്ല എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. സാജു പോൾ : എറണാകുളം ജില്ലയിലും ഈ രീതിയിൽ എൺപതോളം സംഘങ്ങൾ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാരെ വച്ച് തെരഞ്ഞെടുപ്പ് നടത്തിയെങ്കിലും അവിടെ ജനവിധി നേരെ തിരിച്ചാണ് ഉണ്ടായത്. പാലക്കാട് ജില്ലയിലും ഇതര ജില്ലകളിലും ക്രമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിയിട്ടായിരിക്കും ജില്ലാ സഹകരണ ബാങ്കുകൾ പിടിച്ചെടുക്കാൻവേണ്ടി ശ്രമിച്ചത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ശ്രീ. സാജു പോളിന്റെ സംസാരത്തിൽ സഹകരണ രംഗത്തെ ജനാധിപത്യ ധ്വംസനത്തെക്കുറിച്ച് പറയുകയുണ്ടായി. സംഘങ്ങൾ പിടിക്കാൻവേണ്ടി അന്തരിച്ച പ്രൊഫ. ജോസഫ് മുണ്ടശ്ശേരി നിങ്ങളുടെ കാലത്ത് വോട്ട് ചെയ്യേണ്ടിവന്ന കാര്യം അങ്ങേയ്ക്ക് അറിയുമോ? അതുപോലെ റിട്ടേണിംഗ് ഓഫീസറെ ഹൈക്കോടതി ശാസിച്ചു എന്ന് പറയുകയുണ്ടായി. കണ്ണൂർ ജില്ലയിലെ വിഖ്യാതമായ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ചീഫ് സെക്രട്ടറി ഹൈക്കോടതിയുടെ മുൻപിൽ കയ്യുംകെട്ടി നിൽക്കേണ്ടിവന്ന ഒരു സ്ഥിതിവിശേഷം നിങ്ങളുടെ കാലത്ത് ഉണ്ടായത് അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. സാജു പോൾ : ജോസഫ് മുണ്ടശ്ശേരി മാഷിന്റെ കാലത്തെ കാര്യങ്ങളെക്കുറിച്ച് വായിച്ചറിവല്ലാതെ എനിക്ക് കൃത്യമായി അറിയില്ല. ഞാൻ പറഞ്ഞു വന്നത്, കേരളത്തിലെ ആയിരക്കണക്കിന് സഹകരണ സംഘങ്ങൾ ഏറ്റവും ഫലപ്രദമായി കൊണ്ടുപോകുമ്പോൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ

കാര്യത്തിലും നമ്മുടെ സംസ്ഥാന ഭരണത്തിന്റെ കാര്യത്തിലും തന്നെ അങ്ങേയറ്റം തർക്കങ്ങളല്ലേയുള്ളത് ? അത് ചായക്കോപ്പയിലെ കൊടുങ്കാറ്റാണെന്ന് പറഞ്ഞാലും തമ്മിൽ തല്ലും തലപൊളിക്കലും അങ്ങനെ എത്രയോ കാര്യങ്ങൾ ഉണ്ട്. ഞാൻ എപ്പോഴും സൂചിപ്പിക്കാറുള്ള എന്റെ നിയോജകമണ്ഡലത്തിലെ ട്രാവൻകൂർ റയോൺസ് തുറക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ താൽപ്പര്യം കാണിക്കാതെ ഇങ്ങനെ പോയിക്കൊണ്ടിരിക്കുകയല്ലേ? എന്നിട്ടും തെരഞ്ഞെടുപ്പു നടക്കുമ്പോൾ ചില ചിത്രങ്ങളിൽ "സൂപ്പിനകത്ത് ഗ്രൂപ്പില്ല ഒരുമിച്ച് സൂപ്പ് കുടിച്ചു." അല്ലെങ്കിൽ "അവർ തമ്മിൽ കണ്ടു" എന്നെല്ലാം പറഞ്ഞ് പോകുന്ന ഒരു അവസ്ഥയല്ലേ ഉള്ളത് ? സഹകരണ മേഖലയിൽ നിന്നും പല പാഠങ്ങളും സംസ്ഥാനം ഭരിക്കുന്നവർ ഉൾക്കൊള്ളണം എന്ന് സൂചിപ്പിക്കാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. ഇത്തരത്തിലുള്ള തലതിരിഞ്ഞ അപൂർവ്വം ചില ഇടപെടലുകളും അല്ലെങ്കിൽ സഹകരണ മേഖലയെ തകർക്കുന്നതിനു വേണ്ടിയുള്ള നയങ്ങളും ഇല്ലായിരുന്നെങ്കിൽ സ്വാശ്രയ സഹകരണ സംഘങ്ങൾ ഉൾപ്പെടെ വന്നു കഴിയുമ്പോൾ എന്തായിരിക്കും കേരളത്തിൽ സംഭവിക്കാൻ പോകുന്നത് ? ആയിരക്കണക്കിന് ആളുകൾ കഷ്ടപ്പെട്ട് പടുത്തുയർത്തിയ സഹകരണ പ്രസ്ഥാനത്തെ ഇങ്ങനെ തകർക്കരുത്. ജനങ്ങൾ വളരെ ബുദ്ധിമാൻമാരാണ്. അവരുടെ പല ആനുകൂല്യങ്ങളും അവകാശങ്ങളും നില നിർത്താൻ നീറുന്ന പ്രശ്നങ്ങൾ ഉയർത്തി പ്രക്ഷോഭങ്ങൾ നടക്കുമ്പോൾ അധികാര തർക്കത്തിന്റെ അലകളിൽ ഭരണം ഉലയുകയാണ്. നമുക്കറിയാമല്ലോ ഒരു വിരുന്നുകാരൻ വീട്ടിൽ വരുമ്പോൾ അദ്ദേഹത്തെ ഒഴിവാക്കണമെങ്കിൽ വീട്ടിലുള്ളവർ തമ്മിൽ തല്ലിയാൽ മതി. ഭാര്യയും ഭർത്താവും തമ്മിൽ പൊരിഞ്ഞ അടിയാണെങ്കിൽ സ്വാഭാവികമായും വിരുന്നുകാരൻ അവന്റെ പാട്ടിനു പോകും. പക്ഷേ, ബുദ്ധിമാൻമാരായ വിരുന്നുകാർ അങ്ങനെ പോയില്ലെന്നു വരാം. ഒരു വീട്ടിൽ ഒരു സംഭവം ഉണ്ടായി. വിരുന്നുകാരനെത്തിയപ്പോൾ ഭർത്താവ് ഭാര്യയെ അടിക്കുന്നു. വിരുന്നുകാരൻ പോകുന്നു. ഭർത്താവ് ഭാര്യയോട് "ഞാൻ നോവാതെ തല്ലിയതു കണ്ടോ" ഭാര്യ ഭർത്താവിനോട് "ഞാൻ അരി പോകാതെ മുറം വീശിയതു കണ്ടോ" അങ്ങനെ വിരുന്നുകാരൻ പോയി എന്ന് സന്തോഷിച്ചിരുന്ന സന്ദർഭത്തിൽ ബുദ്ധിമാനായ അതിഥി തെങ്ങിൽ നിന്ന് ഇറങ്ങി വന്നിട്ടു "ഞാൻ പോകാതെ നിന്നതു കണ്ടോ" എന്ന് ചോദിച്ചു. സഹകരണ മേഖലയിലായാലും സംസ്ഥാന ഭരണത്തിന്റെ കാര്യത്തിലായാലും ജാഗ്രത പാലിക്കുന്ന ഒരു ജനത പ്രബുദ്ധ കേരളത്തിൽ ഉണ്ട് എന്നുമാത്രം സൂചിപ്പിക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ : ഭരണ കക്ഷിയിലുള്ളവരെ സന്തോഷകരമായ ഒരു വാർത്ത അറിയിക്കാൻവേണ്ടി പറയുകയാണ്. ആറാട്ടുപുഴ പഞ്ചായത്തിൽ കരിമണൽ ഖനനം പിൻവലിക്കണമെന്ന് നിയമം ആവശ്യപ്പെട്ടിട്ടും തയ്യാറായില്ല. അവിടെ നടന്ന ഉപതെരഞ്ഞെടുപ്പിൽ നേരിട്ടുള്ള മത്സരത്തിൽ 208 വോട്ടിന് എൽ.ഡി.എഫ് സ്ഥാനാർത്ഥി ജയിച്ചിരിക്കുന്നത് സന്തോഷകരമായ വാർത്തയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : ഇനിയും പല ഫലങ്ങളും വരാനിരിക്കുന്നതേയുള്ളൂ. സി.ഐ.എ യുടെ ഒരു ഫലം ഇന്നലെ ഈ നിയമസഭയിൽ നേരിട്ട് കണ്ടതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സാജു പോൾ : ബഹുമാനപ്പെട്ട ചെയറിന്റെ നിർദ്ദേശം അംഗീകരിക്കുന്നു. സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന നയങ്ങൾ ഒഴിവാക്കണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

Shri M .A. Vaheed : Sir I move that The Kerala Co-operative Societies and the Kerala State Co-operative Agricultural and Rural Development Banks (Amendment) Bill, 2002 as reported by the Subject Committee be circulated for obtaining public opinion. സഹകരണ പ്രസ്ഥാനത്ത് ഏറ്റവും കൂടുതൽ മാറ്റങ്ങളും പരിഷ്ക്കാരങ്ങളും നടപ്പിലാക്കിയ പരിണതപ്രജ്ഞനായ മന്ത്രിയാണ് ശ്രീ. എം. വി. രാഘവൻ. ഏറ്റവും കൂടുതൽ കാലം സഹകരണ വകുപ്പുമന്ത്രിയായിരുന്നു എന്നുള്ള ഖ്യാതികൂടി അദ്ദേഹത്തിനുണ്ട്. സഹകരണരംഗത്ത് സഹകാരികൾക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയാണ് നിയമത്തിൽ ഭേദഗതി കൊണ്ടുവന്നത്. ഈ നിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയുടെ ഗുണഗണങ്ങൾ മനസ്സിലാക്കിയിട്ടും, അറിഞ്ഞിട്ടും അതിൽ നിന്ന് മാറി രാഷ്ട്രീയം പറയാനാണ് ഇടതുമുന്നണിയുടെ രണ്ട് സുഹൃത്തുക്കൾ ശ്രമിച്ചത്. വായ്പയെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടിയാണ് ഗഹാൻ കൊണ്ടുവന്നത്. 1984-ലെ 20-ാം നമ്പർ ആക്റ്റ് അനുസരിച്ചാണ് ഗ്രാമീണ-കാർഷിക വികസന ബാങ്കുകൾക്ക് ഗഹാൻ സമ്പ്രദായം ആദ്യമായി നമ്മുടെ സംസ്ഥാനത്ത് ബാധകമാക്കുന്നത്. ഒരുപാട് ഗുണങ്ങൾ, ഒരുപാട് നേട്ടങ്ങൾ അതിലുണ്ട്. ഒരുപാട് സാമ്പത്തികലാഭം സഹകാരികൾക്കും സഹകരണ സ്ഥാപനങ്ങൾക്കും ഉണ്ടാകും. അതൊന്നും കാണുന്നില്ല. അത് കണ്ടിട്ട് അതിനെക്കുറിച്ച് നല്ല വാക്ക് പറയുവാൻ എന്റെ സുഹൃത്തുക്കൾ ശ്രമിക്കാത്തതിൽ എനിക്ക് ദുഃഖമുണ്ട്. കർഷകർക്ക് സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുവാനാണ് ഈ സമ്പ്രദായം കൊണ്ടുവന്നത്. അതുപോലെ വായ്പയെടുക്കുന്നവർക്ക് കുറച്ചുകൂടി എളുപ്പം ഉണ്ടാക്കാനാണ് ഇത് കൊണ്ടുവന്നത്. പക്ഷെ ഈ സമ്പ്രദായം മറ്റെല്ലാ സഹകരണസ്ഥാപനങ്ങളിലും ഉണ്ടാകണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. മൽസ്യഫെഡ്, അതുപോലെ തന്നെ ഹൗസിംഗ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇതുവരെ നമ്മൾ കേൾക്കാത്ത വാക്കാണ് ഗഹാൻ. ഇത് ഏത് ഭാഷയാണ് ? ഇത് എവിടെ നിന്ന് വന്നതാണ് ? മലയാളമാണോ, ഹിന്ദിയാണോ, ഇംഗ്ലീഷാണോ, ഇത് മെമ്പർക്ക് അറിയാമോ ?

ശ്രീ എം. എ. വാഹീദ്: പരിണതപ്രജ്ഞനായ മന്ത്രി അത് എന്താണെന്ന് വിശദീകരിക്കും, സമയം ഇല്ലാത്തതുകൊണ്ടാണ് ഞാൻ അതിലേക്ക് കടക്കാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : അപ്പോൾ പിൻതാങ്ങി കഥയറിയാതെ ആട്ടം കാണുകയാണോ ?

ശ്രീ. എം. എ. വാഹീദ്: നിങ്ങൾ പിൻതാങ്ങാതിരിക്കുന്നു, ഞാൻ പിൻതാങ്ങിയിരിക്കുന്നു, അതാണ് നമ്മൾ തമ്മിലുള്ള വ്യത്യാസം. ഇത് കഥ അറിയാതെ ആട്ടം കാണുന്നതല്ല. 1984-ലെ കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകളുടെ വായ്പാ സമ്പ്രദായവുമായി ബന്ധപ്പെട്ട് 1984-ലെ ആക്ടിൽ വന്നതാണ്. ഇതുകൊണ്ടുള്ള ഗുണം അപ്പുറത്തിരിക്കുന്നവർക്കാണ്. അവരാണ് ഇതിലെ ഗുണം കൂടുതൽ അനുഭവിക്കുന്നവർ. സഹകരണ ബാങ്കുകൾ കൊണ്ട് ഏറ്റവും കൂടുതൽ ചൂഷണം നടത്തുന്നവർ കേരളത്തിൽ സി.പി.ഐ.(എം)-കാരാണ്, ഏത് സഹകരണ സ്ഥാപനം എടുത്തു നോക്കിയാലും, ഞാൻ രാഷ്ട്രീയം പറയുന്നു എന്ന് നിങ്ങൾ ധരിക്കരുത്, സഹകരണ ബാങ്കുകളെ പിടിച്ചെടുക്കാൻ ആദ്യം ശ്രമം നടത്തിയത് 1980-ൽ ആണ്. 1980 മുതൽ സഹകരണ സ്ഥാപനങ്ങളെ പിടിച്ചെടുക്കുകയെന്നുള്ളത് സി.പി.ഐ.(എം)-ന്റെ ഒരു അജണ്ട ആയിരുന്നു. ആ അജണ്ട അന്നും മാറിയില്ല. 1987 മുതൽ ഭരണം അവസാനിക്കുന്നതുവരെ പിടിച്ചെടുക്കാനുള്ള എല്ലാ ശ്രമവും.....

ശ്രീ. കെ. വി. കുഞ്ഞിരാമൻ : ബഹുമാനപ്പെട്ട വാഹീദ്, സഹകരണ പ്രസ്ഥാനങ്ങളെക്കൊണ്ട് ഏറ്റവും കൂടുതൽ ചൂഷണം നടത്തുന്നത് മാർക്സിസ്റ്റുകാരാണെന്ന ഒരു പ്രയോഗം നടത്തിയല്ലോ. എന്റെ ചോദ്യം കാസർകോട് ജില്ലാ സഹകരണബാങ്കിൽ അനധികൃതമായ നിയമനത്തിന് കോടികൾ കോഴ വാങ്ങിയ കേസ് ഉൾപ്പെടെ ഇപ്പോൾ വളഞ്ഞ വഴിയിലൂടെ തെരഞ്ഞെടുപ്പ് നടത്തി അതേയാളുകളെ കാസർകോട് ജില്ലാ സഹകരണ ബാങ്കിന്റെ നേതൃത്വ സ്ഥാനത്ത് പ്രതിഷ്ഠിച്ചിരിക്കുകയാണ്. അപ്പോൾ കക്കാനും മോഷ്ടിക്കാനുമൊക്കെ അറിയാം, അവരെ വീണ്ടും കൂടിയിരുത്താനും കഴിയുന്ന നിലയിലേക്ക് കാര്യങ്ങൾ പോകുന്നു.

ശ്രീ. എം. എ. വാഹീദ്: പ്രസംഗിക്കണ്ട, കാര്യം മനസ്സിലായി ഇത് ചെറിയ കള്ളൻമാർ ആയിരിക്കും. പെരുംകള്ളൻമാരാണ് കഴിഞ്ഞ കാലങ്ങളിൽ 14 ജില്ലാ സഹകരണബാങ്കിലും ഇരുന്ന് കൊള്ളയടി നടത്തിയിട്ടുള്ളത്.

ശ്രീ. കെ. കെ. ഷാജു : പിൻവാതിൽ നിയമനത്തെക്കുറിച്ച് ശ്രീ. കെ.വി. കുഞ്ഞിരാമൻ പറഞ്ഞു, ജില്ലാ സഹകരണ ബാങ്കിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടശേഷം ഹൈക്കോടതി അഡ്വക്കേറ്റ് ജനറലിനെ സ്വാധീനിച്ച് അവിടന്ന് ഒരു ഫയൽ പൊടിതട്ടിയെടുത്തിട്ട് പി.എസ്.സി.-ക്ക് വിട്ടശേഷം 82 ആളുകളെ വളഞ്ഞ വഴിയിലൂടെ നിയമിച്ചിട്ടുള്ള കാര്യം അങ്ങേക്ക് അറിയാമോ ?

ശ്രീ. എം. എ. വാഹീദ്: അത് മുൻവാതിലിൽ കൂടി നടന്ന അഴിമതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ : ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഈ കാര്യം നിയമസഭയിൽ വ്യക്തമാക്കിയപ്പോൾ വേറെ വല്ല കാര്യവും ഓർത്തുകൊണ്ടിരുന്നിട്ട് മെമ്പർക്ക് ഈ സഭയുടെ വിലപ്പെട്ട സമയം കളയാമോ ? അത് പി.എസ്.സി.-ക്ക് മുൻപുണ്ടായിരുന്ന ലിസ്റ്റായിരുന്നു എന്നും ടെസ്റ്റ് നടത്തിയതായിരുന്നു എന്നും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. എം. എ. വാഹീദ്: ശ്രീ. ദേവകുമാർ അത് മനസ്സിലായി, പി.എസ്.സി.-ക്കു വിട്ടതിനുശേഷവും ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ കൊള്ളയടിക്കാൻവേണ്ടി മുൻവാതിലിൽക്കൂടി അഴിമതി നടത്തി.

ശ്രീ. ബി. വിജയകുമാർ : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞുവന്നത് 1982 മുതൽ മാർക്സിസ്റ്റ് പാർട്ടി ആരംഭിച്ച സഹകരണ ജനാധിപത്യ കശാപ്പിനെക്കുറിച്ചാണ്, ആ കശാപ്പുകാലത്ത് സഹകരണ വകുപ്പിലുണ്ടായിരുന്ന ശ്രീ. ടി.കെ. രാമകൃഷ്ണനെ മുൻപിൽ നിറുത്തിക്കൊണ്ട് സഹകരണ ജനാധിപത്യ കശാപ്പിനെ മുഴുവൻ ചുക്കാൻ പിടിച്ചത് ഈ സഭയിലെ ഒരംഗമായ ശ്രീ. മത്തായി ചാക്കോ ആണെന്ന് അങ്ങേക്ക് അറിയാമോ ? ഇവിടെ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിലെ കാര്യം പറഞ്ഞു. കഴിഞ്ഞ അഞ്ചു വർഷം തിരുവനന്തപുരം ജില്ലയിലെ വിവിധ സഹകരണ സംഘങ്ങളിൽ നിയമനം കിട്ടിയ ആളുകളെക്കുറിച്ച് ബഹുമാനപ്പെട്ട സഹകരണ മന്ത്രി ഒരു അന്വേഷണത്തിന് ഉത്തരവിട്ടാൽ തിരുവനന്തപുരം ജില്ലയിലെ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കളുടെ ബന്ധുക്കൾക്ക് മാത്രമാണ് നിങ്ങൾ നിയമനം കൊടുത്തത്, ഒരു നിയമനം പോലും പുറത്ത് ഒരാൾക്കും കൊടുത്തിട്ടില്ല ഒരു നിയമനം പോലും ഒരു പാർട്ടിക്കാരന് കൊടുത്തില്ല, നിങ്ങളുടെ നേതാക്കളുടെ ബന്ധുക്കൾക്ക് മാത്രമാണ് ജില്ലാ ബാങ്കിലും മറ്റ് ബാങ്കിലും കൊടുത്തത് എന്ന കഥ പുറത്തുവരും എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ ?

ശ്രീ. എം. എ. വാഹീദ് : ഇതിന്റെ ലിസ്റ്റ് തന്നെ എന്റെ കൈവശമുണ്ട്. 1980-ൽ സി.പി.എം.കാരാണ് ഈ ജനാധിപത്യ കശാപ്പ് ആരംഭിച്ചത്. സഹകരണ മേഖലയിൽ ശ്രീ. മത്തായി ചാക്കോയാണ് അതിന് നേതൃത്വം കൊടുത്തത്. ശ്രീ. മത്തായി ചാക്കോ മുതൽ ഇങ്ങോട്ട് ഏറ്റവും അവസാനം 14 ജില്ലാ സഹകരണ ബാങ്ക്.....

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : 1980 മുതൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം) ആണ് വലിയ അഴിമതിയും കുഴപ്പവും ഉണ്ടാക്കിയത് എന്ന് പറയുന്നുണ്ടല്ലോ. അതുൾപ്പെടെയുള്ള മുഴുവൻ കാര്യവും അന്വേഷിക്കുന്നതിനു വേണ്ടിയുള്ള പ്രത്യേകമായിട്ടുള്ള ഏജൻസി വേണമെന്ന് അങ്ങ് ആവശ്യപ്പെടുമോ ?

ശ്രീ. എം. എ. വാഹീദ് : ഞാൻ പറഞ്ഞുവന്നത് 1980-ൽ ആരംഭിച്ച കശാപ്പിനെക്കുറിച്ചാണ്. സഹകരണ ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നത് 1980-ൽ ആരംഭിച്ചതാണ്. അതിന്റെ പരിപൂർണ്ണ ദശയിൽ എത്തിയത് കഴിഞ്ഞ

ഭരണകാലത്താണ്. അവർ വോട്ടവകാശം ഉണ്ടായിരുന്ന അംഗസംഘങ്ങളെ കശാപ്പുചെയ്ത് അരിഞ്ഞ് നുറുക്കിക്കളഞ്ഞിട്ട് സി.പി.ഐ.(എം)-ന് മാത്രം നേതൃത്വമുള്ള സംഘങ്ങൾക്ക് ; ബാങ്കുകൾക്ക് മെമ്പർഷിപ്പ് കൊടുത്തുകൊണ്ട് 14 ജില്ലാ സഹകരണ ബാങ്കുകൾ ഒന്നിച്ചു പിരിച്ചുവിട്ടു, അതിന് വലിയ ആദർശമാണ് ഇവർ പറഞ്ഞത്. 14 ഭരണസമിതികളെ വെട്ടിനിരത്തുകയാണ് ഇവിടെ ഇവർ ചെയ്തത്. വലിയ ആദർശമാണ് അവർ ഇപ്പോഴും പറയുന്നത്. ഇപ്പോൾ അവർക്കുകൂടി ജനാധിപത്യ അവകാശം കൊടുക്കുക മാത്രമാണ് ശ്രീ. എം. വി. രാഘവൻ ചെയ്തത്. സർവ്വീസ് സഹകരണ ബാങ്കിനെക്കുറിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 1980-ന് മുമ്പുള്ള നിലപാടിനെക്കുറിച്ച് ചോദിച്ചു നോക്കണം. കേരളത്തിലെ സർവ്വീസ് സഹകരണ സംഘങ്ങളെ നായർ സർവ്വീസ് സഹകരണസംഘങ്ങൾ എന്നാണ് ഇവർ ആക്ഷേപിച്ചിട്ടുള്ളത്. നായർ സർവ്വീസ് കരയോഗങ്ങൾ എന്നുവരെ അവർ ആക്ഷേപിച്ചിട്ടുണ്ട്. സഹകരണ മേഖല ഗ്രാമങ്ങളിൽ തഴച്ചുവളരുന്നതു കണ്ടപ്പോൾ കൊള്ളയടിക്കാൻ പറ്റിയ ഏറ്റവും നല്ല മാർഗം സഹകരണ സ്ഥാപനങ്ങളാണ് എന്നുള്ള തിരിച്ചറിവ് സി.പി.ഐ.(എം)-ന് ഉണ്ടായത് 1967-ന് ശേഷമാണ്. അതുവരെ കേരളത്തിലെ സഹകരണ സ്ഥാപനങ്ങളെ ആരും തളർത്തിയിട്ടില്ല. ആരും പിടിച്ചെടുക്കാൻ പോയിട്ടില്ല. ആരും പിരിച്ചുവിടാൻ പോയിട്ടില്ല. ആ സഹകരണ സ്ഥാപനങ്ങൾ സാധാരണ കർഷകന്റെ ഭൂമിയിൽ പണിയെടുക്കുന്ന കർഷകത്തൊഴിലാളികളും കർഷകരും അടങ്ങുന്ന പാവപ്പെട്ടവന്റെ സാമ്പത്തിക സ്ഥാപനമായിട്ടാണ് കേരളക്കരയിൽ അങ്ങോളമിങ്ങോളം നില്ക്കുന്നത്. കാസർകോട് മുതൽ തിരുവനന്തപുരം വരെ എല്ലായിടത്തും തഴച്ചുവളർന്ന് നില്ക്കുകയും പാവപ്പെട്ട കർഷകനും കർഷകത്തൊഴിലാളികൾക്കും അത്യാവശ്യം സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടാക്കുവാൻ അവന്റെ മകൾക്ക് കല്യാണംവന്നാൽ അല്ലെങ്കിൽ വിദ്യാഭ്യാസ ആവശ്യം വന്നാൽ ഓടിച്ചെന്ന് പെട്ടെന്ന് വായ്പ്പയെടുക്കാൻ കഴിയുന്ന വീട്ടുമുറ്റത്തെ സാമ്പത്തിക സ്ഥാപനമായിരുന്നു ഈ സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളും. ആ സഹകരണ സംഘങ്ങളെ കശാപ്പുചെയ്യുവാൻ ഇറങ്ങിയത് ആദ്യമായി 1980-ൽ സി.പി.എം. ഭരണത്തിൽ വന്നപ്പോഴാണ്.

ശ്രീ. പി. ജയരാജൻ : ശ്രീ. വാഹീദ് നിയമജ്ഞൻ കൂടിയാണ്. ഈ സഹകരണ നിയമത്തിൽ ലിക്വിഡേഷനെ സംബന്ധിച്ച് വ്യവസ്ഥയുണ്ട്, അതാണ് ഞാൻ നേരത്തെ വായിച്ചത്. ലിക്വിഡേഷൻ നിശ്ചയിച്ചിട്ട് മൂന്നു വർഷത്തിനകം അത് പൂർത്തിയാക്കണം. 25 കൊല്ലം മുൻപ് ലിക്വിഡേറ്റ് ചെയ്തിട്ടുള്ള സംഘത്തിൽ ആ അടിസ്ഥാനത്തിൽ ജില്ലാ ബാങ്കിൽ ഉണ്ടായിരുന്ന ഷെയർ സംഖ്യപോലും തിരിച്ചു വാങ്ങിയതിനുശേഷം ഈ ഭരണത്തിൽ വോട്ടവകാശം നൽകിയെന്ന കാര്യം അങ്ങേക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ് : നിങ്ങൾ എടുത്തുകളഞ്ഞ അവകാശം ഞങ്ങളുടെ സർക്കാർ വന്നപ്പോൾ അവർക്ക് തിരിച്ചുകൊടുത്തു.നിങ്ങൾ പല യു.ഡി.എഫ്. സംഘങ്ങളേയും അന്യായമായി, അനവസരത്തിൽ പിരിച്ചുവിട്ടു. വോട്ടവകാശം നിഷേധിച്ചു, ജനാധിപത്യ സ്വാതന്ത്ര്യം നിഷേധിച്ചു. സി.പി.ഐ.(എം.)-ന്റെ ജനാധിപത്യ ധ്വംസനത്തിനെതിരെ യു.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങളാണ് നടപ്പിലാക്കാൻ പോയത്. പെട്ടെന്ന് ഗൂഢാലോചന നടത്തിയതല്ല.

ശ്രീ. ബി. വിജയകുമാർ : സർ, സഹകരണ രംഗത്ത് ഇപ്പോൾ നടക്കുന്ന അഴിമതിയുടെ ഏറ്റവും വലിയ ഉദാഹരണം റബ്കോ നൽകുന്ന പരസ്യത്തിന്റെ 99 ശതമാനവും കൈരളി ടി.വി.-ക്കാണ്. കൈരളി ടി.വി.-യുടെ കറവപ്പശുവാണ് റബ്കോ. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ് ?

ശ്രീ. എം. എ. വാഹീദ് : സർ, അത് മാത്രമല്ല, സി.പി.ഐ.(എം.) നേതൃത്വത്തിൽ മുഴുവൻ സഹകരണ സംഘങ്ങളും ദേശാഭിമാനി, കൈരളി, ചിന്ത എന്നിവയ്ക്ക് പരസ്യം കൊടുക്കുന്ന പരസ്യസ്ഥാപനമായി മാറിപ്പോയി. അത് മാത്രമല്ല, ലോക്കൽ കമ്മിറ്റിയുടെ, ബ്രാഞ്ച് കമ്മിറ്റിയുടെ സമ്മേളനം മുതൽ പാർട്ടി കോൺഗ്രസിനുവരെ സി.പി.ഐ.(എം.)-ന്റെ പണപ്പിരിവ് കേന്ദ്രങ്ങളായി ഈ സഹകരണ സ്ഥാപനങ്ങൾ അധഃപതിച്ചതുകൊണ്ടാണ് ഈ സഹകരണ സ്ഥാപനങ്ങളിൽ വായ്പാകുടിശ്ശിക ഏറെ ഉണ്ടായിരിക്കുന്നത്. ഈ വായ്പാസംഘങ്ങളിൽ കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക വരുത്തിയിരിക്കുന്നത് ആരാണ് ? ഒന്നുകിൽ ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറി, ലോക്കൽ കമ്മിറ്റി സെക്രട്ടറി, അല്ലെങ്കിൽ ജില്ലാ കമ്മിറ്റി മെമ്പർ തുടങ്ങി സി.പി.ഐ.(എം)-ന്റെ ഗ്രൂപ്പ് കമ്മിറ്റി മെമ്പർ മുതൽ സംസ്ഥാന കമ്മിറ്റി മെമ്പർവരെ പാർട്ടി ആവശ്യത്തിനും പാർട്ടിയുടെ ഗ്രൂപ്പാവശ്യത്തിനും വേണ്ടി കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളിൽനിന്നും വായ്പ എടുത്ത് ഈ സഹകരണ സ്ഥാപനങ്ങളെ കടക്കെണിയിൽ മുക്കിക്കൊല്ലുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. ഗഹാൻ സമ്പ്രദായത്തിൽ അതുകൂടി ഉൾപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമെങ്കിൽ വായ്പാ കുടിശ്ശിക വരുത്തിയവരെ പിടിക്കുവാനും, സംഘങ്ങളിൽ ഭരണമാറ്റം ഉണ്ടാക്കി അവയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും കഴിയും. അതിനുള്ള ഒരു വകുപ്പുകൂടി ഇതിൽ ചേർക്കാനൊക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. മത്തായി ചാക്കോ : സർ, അങ്ങ് ഇവിടെ സി.പി.ഐ.(എം.)-നെക്കുറിച്ച് പറഞ്ഞു. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് അങ്ങയുടെ സ്ഥിതി, ചായ പകരുമ്പോൾ ഗ്ലാസിലും പാത്രത്തിലും അല്ല എന്നുള്ള ഒരു കോലത്തിൽ അങ്ങ് കുറേക്കാലം നിന്ന ഒരാളാണ്. ഇപ്പോൾ എവിടെയാണ് നിൽപ് ?

ശ്രീ. എം. എ. വാഹീദ് : സർ, കഴക്കൂട്ടത്ത് വന്ന് ശ്രീ. മത്തായി ചാക്കോ അന്വേഷിച്ചാൽ, അവിടെ സി.പി.എം.-ന് എതിരായിട്ട് നല്ല സുവിശേഷം എഴുതി വച്ചിട്ടുണ്ട്. അല്ലെങ്കിൽ ശ്രീ. കടകംപള്ളി സുരേന്ദ്രനോട് ചോദിച്ചാലും മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം : സർ, സി.പി.എം.-ന് കിട്ടിയിരിക്കുന്ന സഹകരണ ബാങ്കുകളുടേയും റബ്കോയുടേയുമൊക്കെ പരസ്യങ്ങൾ സ്ഥാപനങ്ങൾക്കും ടി.വി.-ക്കുമൊക്കെ കൊടുക്കുന്നത് വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെയാണ്. പക്ഷേ, കോൺഗ്രസുകാർ ഭരിക്കുന്ന പല സഹകരണ സംഘങ്ങളിലും ലക്ഷക്കണക്കിന് രൂപ അടിച്ചുമാറ്റി വീടുകളിലേക്ക് കൊണ്ടുപോകുകയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. എ. വാഹീദ് : സർ, അത് കൊണ്ടുപോയിട്ടുള്ളത് മുഴുവനും സി.പി.എം. ഭരിക്കുന്ന സ്ഥലങ്ങളിൽ നിന്നുമാണ്. തിരുവനന്തപുരത്ത് വട്ടിയൂർക്കാവ് സംഘം, കരമന സംഘം, ഉള്ളൂർ സംഘം. അതിന് അപവാദമായി നിൽക്കുന്ന ഒറ്റ സംഘം മാത്രമേയുള്ളൂ. പേരൂർക്കട സഹകരണ സംഘം. നിങ്ങളെ പോലെയുള്ള കൊള്ളക്കാരെ അതിനകത്ത് കയറ്റാൻ അവിടെയിരിക്കുന്ന നിങ്ങളുടെ ഭരണസമിതിയുടെ ആൾക്കാർ അനുവദിക്കുന്നില്ല എന്നുള്ളതാണ് അതിന്റെ യാഥാർത്ഥ്യം.

ശ്രീ. എ. കെ. ബാലൻ : സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന സമയത്ത് സഹകരണ മന്ത്രിയായിരുന്ന സഖാവ് പിണറായി വിജയന്റെ മുമ്പിൽ നിങ്ങളുടെ കൂടെ നിൽക്കുന്ന ശ്രീ. ബാബു കോൺഗ്രസുകാർ ഭരിച്ച് മുടിച്ച് കട്ട സൊസൈറ്റികളുടെ എണ്ണവും അതിന്റെ നേതാക്കന്മാരുടെ പേരും കൊടുത്ത് ഇത് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് പറഞ്ഞ് പെറ്റീഷൻ കൊടുത്തത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. എ. വാഹീദ് : സർ, അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങനെ അന്വേഷിക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ സംഘങ്ങളുടെ പ്രസിഡന്റുമാരായ സി.പി.ഐ. (എം.)-ന്റെ ആൾക്കാർ ജയിലഴികൾ എണ്ണുമെന്നുള്ളതുകൊണ്ടാണ് ശ്രീ. പിണറായി വിജയൻ അത് അന്വേഷിക്കാത്തത് എന്നുള്ള യാഥാർത്ഥ്യം കൂടി അറിയാമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, പ്ലീസ്.

ശ്രീ. എം. എ. വാഹീദ് : സർ, സമയം അനുവദിക്കുന്ന കാര്യത്തിൽ അങ്ങ് ദയാലുവാണെന്ന ഒരു വർത്തമാനം പിന്നാമ്പുറങ്ങളിൽ ഇടനാഴികളിൽ ഉണ്ട്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഈ സഭയിൽ അദ്ധ്യക്ഷത വഹിക്കുമ്പോൾ ***അതുകൊണ്ട് അങ്ങ് പ്രസംഗിക്കാൻ അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.....ബഹളം.....

മി. ഡെപ്യൂട്ടി സ്പീക്കർ : അത് രേഖയിൽ കാണില്ല. അത് അബദ്ധത്തിൽ തെറ്റിയതാണ്. അത് പിശക് പറ്റിയതാണ്.

ശ്രീ. എം. എ. വാഹീദ് : സർ, അത് മുൻകാല പ്രാബല്യത്തോടുകൂടി പിൻവലിച്ചു. ഈ നിയമംകൊണ്ടുള്ള ഗുണഫലങ്ങൾ അനുഭവിക്കാൻ പോകുന്നത് വിയോജിപ്പ് രേഖപ്പെടുത്തിയ ബഹുമാനപ്പെട്ട ജയരാജൻ ഉൾപ്പെടെയുള്ള സി.പി.ഐ.(എം.)-ന്റെ ആൾക്കാരാണ്. അവർക്ക് വായ്പ

*** ബഹുമാനപ്പെട്ട മി. ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു

എടുക്കുന്ന കാര്യത്തിൽ ഏറ്റവും കൂടുതൽ സൗകര്യം ലഭിക്കുകയാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ നിയമത്തിൽ ഒരു ക്ലാസ് കൂടി ചേർക്കുന്നത് ഏറ്റവും നല്ലതാണ്. ഒഴിമുറി പതിക്കാൻ പോകുന്നതിന് സമയബന്ധിതമായ ക്ലിപ്തത ഏർപ്പെടുത്തണം. ക്ലിപ്തത ഏർപ്പെടുത്തിയില്ലെങ്കിൽ കാലാകാലങ്ങളിൽ സംഘാംഗങ്ങൾക്ക് ബാദ്ധ്യതയിൽനിന്ന് ഒഴിവാകാൻ പറ്റുകയില്ല. എവിടെയാണ് ഗഹാൻ രേഖപ്പെടുത്തുന്നത്, ആ രജിസ്ട്രാർ ഓഫീസുകളിൽ ഇടപാടുകൾ തീർത്ത് ഒരു മാസത്തിനുള്ളിൽ അല്ലെങ്കിൽ 3 മാസത്തിനകം ഒഴിമുറി പതിക്കുന്നതിന് അത് മാൻഡേറ്ററിയായി നിലനിറുത്തണം. ഇല്ലെങ്കിൽ ഉണ്ടാകുന്ന ദോഷം സംഘാംഗങ്ങൾക്ക് അല്ലെങ്കിൽ വായ്പ എടുക്കുന്നവർക്കാണ്. അതുകൊണ്ട് സഹകരണ രംഗത്ത് സാധാരണക്കാർക്ക് ഏറ്റവും പ്രയോജനപ്രദമായ, ലളിതമായ ഈ നിയമം നടപ്പിൽ വരുത്തുവാനും അത് പാസ്സാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: Sir, I move that The Kerala Co-operative Societies and the Kerala State Co-operative Agricultural and Rural Development Banks (Amendment) Bill, 2002 as reported by the Subject Committee be recommitted to the same Subject Committee. കൃഷിക്കാർക്കും സഹകാരികൾക്കും കൂടുതൽ വായ്പയെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാനും വായ്പ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനും അധിക സാമ്പത്തിക ബാദ്ധ്യത വരാതിരിക്കാനും ഈ നിയമം ഏറെ സഹായകരമാണ്. ആ രീതിയിൽ അത്തരം ഒരു നിയമം ഉണ്ടാകേണ്ടതാണ്. അതുകൊണ്ട് ഈ നിയമത്തിന്റെ ഉള്ളിൽനിന്നുകൊണ്ട് ചില കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പന്ത്രണ്ടായിരം കോടി രൂപയിലേറെ നമ്മുടെ സഹകരണ ബാങ്കുകളിൽ നിക്ഷേപമുണ്ട്. ഏകദേശം ഒരു കോടിയിലേറെ, നമ്മുടെ ജനസംഖ്യയുടെ പകുതിയോളം വരുന്ന അത്രയും മെമ്പർമാർ സഹകരണ സംഘങ്ങളിൽ സഹകാരികളായിട്ടുണ്ട്. ഇവിടെ വ്യവസ്ഥാപിതമായി നല്ല രീതിയിൽ പ്രവർത്തിക്കുന്ന നല്ല സഹകരണ സംഘങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ഈ സംഘങ്ങളിൽ നിക്ഷേപിക്കാൻ ആഗ്രഹിക്കുന്ന കേരളീയർ, ഇപ്പോൾ എൻ.ആർ.ഐ. ഉൾപ്പെടെയുള്ളവ സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുവാൻ അനുമതി വാങ്ങിക്കൊണ്ടിരിക്കുകയാണ്. കൂടുതൽ നിക്ഷേപം നമ്മുടെ സഹകരണ സംഘങ്ങൾ സ്വീകരിക്കുവാൻ, ആ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ കൂടുതൽ വായ്പ കൊടുക്കുവാൻ, പ്രത്യേകിച്ച് ഇടത്തരം ചെറുകിട കൃഷിക്കാർക്ക് ആവശ്യമായ കൂടുതൽ വായ്പ കൊടുക്കാൻ കഴിയുന്ന വിധത്തിൽ നമ്മുടെ സഹകരണ സംഘങ്ങളിൽ വായ്പ കൊടുക്കുന്ന കാര്യത്തിൽ കൂടുതൽ ഉദാരമായ സമീപനം ഉണ്ടാകണം. കൊടുക്കുന്നില്ല എന്നല്ല ഞാൻ പറയുന്നത്. ഞങ്ങളുടെ നാട്ടിൻപുറങ്ങളിലൊക്കെ കാർഷിക മേഖലയുടെ ഉണർവുതന്നെ സഹകരണസംഘങ്ങളുടെ വായ്പയും മറ്റുമാണ്. എന്നാൽ പലപ്പോഴും ബാങ്കുകളിൽനിന്നും വായ്പ എടുക്കാനുള്ള പ്രയാസമുണ്ട്. നടപടിക്രമങ്ങളും സാങ്കേതിക തടസ്സങ്ങളുമൊക്കെക്കൊണ്ട് പലപ്പോഴും ചെറുകിട ഇടത്തരക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും വായ്പ കിട്ടുന്നതിന് തടസ്സം ഉണ്ടാകുന്നുണ്ട്. അവരവരുടെ പ്രദേശത്തുള്ള സഹകരണ ബാങ്കുകളാണ് അവർക്ക് ആശ്രയിക്കാവുന്ന ഏറ്റവും നല്ല സ്ഥാപനം. അത് എത്രകണ്ട് ലഘൂകരിക്കാൻ കഴിയും ? അതിന്റെ നടപടിക്രമങ്ങൾക്ക് കെട്ടേണ്ട പണം, അവിടത്തെ ജാമ്യം, നടപടിക്രമങ്ങൾ എടുക്കുമ്പോൾ ഗഹാൻ വ്യവസ്ഥ കൊണ്ടുവന്ന് അത് ഒഴിവാക്കിയാൽ അവർക്ക് അവരവരുടെ ബാങ്കിൽനിന്നും, സഹകരണ സ്ഥാപനത്തിൽനിന്നും തന്നെ വായ്പ കിട്ടാൻ കഴിയും. ഏറ്റവും ഉള്ളുപ്പത്തിൽ അവർക്കത് ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ നല്ലതുതന്നെയാണ്. എന്നാൽ പലപ്പോഴും രജിസ്ട്രാർ ഓഫീസിൽ അധിക ബാദ്ധ്യതകൂടി ഉണ്ടാകുന്നു. രജിസ്ട്രേഷൻ ഫീസ് മത്രമല്ല, പലതരത്തിലുള്ള കൈക്കൂലിയും കൊടുക്കണം. പല രീതിയിലുള്ള അമിതമായ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. അത് ഒഴിവാക്കിക്കിട്ടും. ആധാരമെഴുതുന്നവർക്കൊക്കെ കുറച്ച് പ്രശ്നമുണ്ടാകും. ഇല്ലെന്ന് പറയുന്നില്ല. അതും നമ്മുടെ നാട്ടിൽ കുറച്ചുപേരുടെ ജീവിത മാർഗ്ഗമാണ്. എന്നാൽ പ്രധാനമായിട്ടും കൃഷിക്കാർക്ക് കിട്ടുന്ന ഈ സഹായം, വ്യവസ്ഥകൾ എളുപ്പമാക്കാൻ, ഒഴിമുറി റയ്ക്കുന്ന സമയത്ത്, ഒഴിമുറി റിലീസ് ഡീഡ് രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഏതൊക്കെ ലഘൂകരിക്കാൻ കഴിയുമോ അതൊക്കെ ലഘൂകരിക്കണം. പെട്ടെന്ന് കിട്ടാനുള്ള നടപടി നല്ല ഉദ്ദേശത്തിന്റെ ഭാഗമാണ്. പിന്നെ ജപ്തി നടപടി, ഞാൻ ബഹുമാനപ്പെട്ട മിനിസ്റ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്, ഇപ്പോൾ വായ്പ എടുത്തുകഴിഞ്ഞാൽ തിരിച്ചടയ്ക്കണമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. തിരിച്ചടയ്ക്കണം. കർഷകർ ഏറ്റവും നല്ല മനസ്സുള്ള, നൻമയുള്ള ആളുകളാണ്. കർഷകർ അവരുടെ മനസ്സിൽ ചിന്തിക്കുന്നതൊക്കെ കാർഷിക മേഖലയുടെ ഏറ്റവും നല്ല ഒരു വശമാണ്. കൃഷിക്കാരൻ കൃഷിയിറക്കുക എന്നത് അവരുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ട് ആരും വായ്പയെടുത്തിട്ട് തിരിച്ചടയ്ക്കാത്ത പ്രശ്നമൊന്നുമില്ല. എടുക്കുന്ന വായ്പ തിരിച്ചടയ്ക്കും. കർഷകരുടെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. വിളവ് കിട്ടി ആ നെല്ല്, അല്ലെങ്കിൽ എന്താണ് വിളവ് കിട്ടുന്നത് എന്നുവച്ചാൽ അത് വിറ്റ് കിട്ടുന്ന കാശ് ആദ്യം സഹകരണ ബാങ്കുകളിൽ അടയ്ക്കും. കാരണം ആ സ്ഥാപനം അവരുടേതാണെന്നുള്ള ബോദ്ധ്യം കർഷകർക്കുണ്ട്. കൃഷി നശിച്ചുപോയാൽ, പ്രകൃതിക്ഷോഭം അല്ലെങ്കിൽ കാർഷിക വിലത്തകർച്ചമൂലം കാശ് അടയ്ക്കാൻ കഴിയാതെ വരുമ്പോൾ പിന്നെ എങ്ങനെ അടയ്ക്കും ? അങ്ങനെ വരുമ്പോഴാണ് ഈ ബുദ്ധിമുട്ടുകൾ വരുന്നത്. അങ്ങനെ വരുമ്പോൾ ജപ്തി നടപടികൾ എന്ന രീതിയിലേക്ക് പോകാൻ പാടില്ല. എവിടെ എത്തി ? ഇപ്പോൾ കേരളത്തിലെ പല കാർഷിക ബാങ്കുകളും വായ്പ തിരിച്ചടയ്ക്കാത്തതിന്റെ പേരിൽ ജപ്തി നടപടികൾക്ക് പോയി ചെണ്ട കൊട്ടി. ഈ സഭയിൽ തന്നെ ഞാൻ ഇക്കാര്യം മുൻപ് അവതരിപ്പിച്ചിട്ടുണ്ട്. ചെണ്ട കൊട്ടി കൃഷിക്കാരെ മാനസികമായി തളർത്തുകയാണ്. പ്രായമായ പെൺകുട്ടികൾ ഉൾപ്പെടെ, കോളേജിൽ പഠിക്കുന്ന കുട്ടികളൊക്കെ ഉണ്ടാവില്ലേ? അവരെയൊക്കെ മാനസികമായി തളർത്തുകയാണ്. കുട്ടികളുടെ വിവാഹാലോചനയൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന സമയത്താകും ഈ ചെണ്ട കൊട്ട് നടക്കുന്നത്. അതിന്റെ പേരിലാണ് ചില കർഷകർ ആത്മഹത്യ ചെയ്യുന്നതെന്ന് പിന്നീട് പത്രങ്ങളിലൊക്കെ വാർത്ത വന്നില്ലേ ? അതുകൊണ്ട് യാതൊരു കാരണവശാലും ചെണ്ടകൊട്ടി നോട്ടീസ് പതിച്ച് പരിഹാസ്യമാക്കരുത്. കൃഷിക്കാരല്ലേ നമ്മുടെ സമ്പത്ത് ? അവരല്ലേ ഉൽപ്പാദന മേഖലയിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്നവർ ? ഈ സംസ്ഥാനത്തിന്റെ വരുമാന കാര്യങ്ങളിലും നമ്മുടെ നിലനിൽപ്പിലും പങ്ക് വഹിക്കുന്നവർ കൃഷിക്കാരല്ലേ ? ചെണ്ട കൊട്ടി, ജപ്തി നടത്തി, ആക്ഷേപിച്ച്, മാനഹാനിയുണ്ടാക്കി അവരെ തകർത്ത് തകർത്ത് അവസാനം അവർ വായ്പ എടുക്കാതെയാകും. വായ്പയെടുത്തില്ലെങ്കിൽ അപകടമെന്താണ് ? കൃഷി ചെയ്യുകയില്ല. വായ്പ കൊടുക്കുന്തോറും കൃഷി നടക്കും. അത്രയും കൃഷിയിലിറക്കും. നഷ്ടമാണെങ്കിലും ആ സമയം വരുമ്പോൾ കൃഷി നടത്തുകയെന്നുള്ളത് കൃഷിക്കാരന്റെയും അവന്റെ കുടുംബത്തിന്റെയും ഒരു ശീലമാണ്. ആ ശീലത്തിൽ നിന്നൊന്നും അവർ മാറില്ല. നിവൃത്തിയില്ലാതെ, നിൽക്കക്കള്ളിയില്ലാതെ വരുന്ന സന്ദർഭത്തിൽ കൃഷിയിറക്കില്ല, പാഠശേഖര സമിതി കൂടുമ്പോൾ വലിയ വാശിയാണ്. കൃഷി ഇറക്കില്ല ഞങ്ങൾ ഇത്തവണത്തെ കൃഷി ഇറക്കില്ല എന്ന് പറയും. നെൽകൃഷിയുടെ കാര്യമാണ് ഞാൻ പറയുന്നത്. ഭൂരിപക്ഷമുണ്ടാക്കാൻ വലിയ സ്വാധീനം ചെലുത്തി ആളെക്കൂട്ടും. പക്ഷേ കാര്യത്തോടടുത്ത് വരുമ്പോഴാണ് കൃഷിയിറക്കാൻ തീരുമാനിക്കുന്നത്. ഇതൊക്കെയായാലും കൃഷിയിറക്കാൻ തീരുമാനിക്കും. കാരണം കൃഷിക്കാർക്ക് അത് വിട്ട് ജീവിക്കാൻ കഴിയില്ല. നെൽകൃഷിക്കാരുടെ മേഖലയിൽ, അതുപോലെ കർഷകരുടെ മേഖലയിൽ പ്രവർത്തിക്കുന്ന ഒരാളായതുകൊണ്ട് കൂടിയാണ് ഞാൻ ഈ വികാരം ഇവിടെ പ്രകടിപ്പിക്കുന്നത്. അതുകൊണ്ട് ജപ്തി ചെയ്യുക എന്നുള്ളത് ഒഴിവാക്കണം. എത്രത്തോളം പലിശ കുറച്ച് കൊടുക്കാൻ കഴിയുമോ അത്രത്തോളം ഒഴിവാക്കി കൊടുക്കണം. ഏതൊക്കെ രീതിയിലുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളാൻ പറ്റുമോ അതൊക്കെ ഒഴിവാക്കണം. ബഹുമാനപ്പെട്ട കെ. എം. മാണി കഴിഞ്ഞ ദിവസം ശ്രീ. ബിനോയ് വിശ്വം അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞു, നിസ്സഹായവസ്ഥയാണ്, നമ്മുടെ ഗവൺമെന്റിന് കഴിയില്ല, ഞങ്ങൾ കേന്ദ്രത്തിലേക്ക് എഴുതി, കേന്ദ്രം ചെയ്യുമെന്ന് പറഞ്ഞു. കേന്ദ്രത്തിന്റെ സമീപനം അതല്ലല്ലോ ? സ്റ്റേറ്റ് ഗവൺമെന്റ് കേരളത്തിലെ ഇടത്തരം നാമമാത്ര കർഷകരെ ഉദ്ദേശിച്ചുകൊണ്ട് എഴുതിത്തള്ളാൻ പറ്റുന്നിടത്തോളം എഴുതിത്തള്ളണം. അതിനർത്ഥം അവർ ബാങ്കുകളെ ചൂഷണം ചെയ്യുന്നുവെന്നല്ല. ആ അടിസ്ഥാനത്തിൽ കാണരുത്. അതുകൊണ്ട് കാർഷിക മേഖലയിൽ, കർഷകരുടെ കാര്യം മാത്രം ഞാൻ പറഞ്ഞുപോകുന്നില്ല, ചെറുകിട കച്ചവടക്കാർ, ചെറിയ ചെറിയ വ്യാപാരികൾ, തൊഴിൽരഹിതരായവർ എന്നിവർ തൊഴിലിന് വേണ്ടി ആശ്രയിക്കുന്നത് സഹകരണ സ്ഥാപനങ്ങളെയാണ്. അങ്ങനെ വന്നാൽ നിക്ഷേപം കൂടും, നിക്ഷേപം കൂടിയാൽ സ്ഥാപനത്തിന് വളർച്ചയായി. അപ്പോൾ വായ്പ കൂടുതൽ കൊടുക്കാം. പിന്നെ ഒരു സഹകരണ സംഘത്തിന്റെ..... അത് ഞാൻ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയാം. വ്യാപക

LIBRARY ARCHIVES Kerala Legislative Assembly

അതിർത്തി, ഒരു പഞ്ചായത്തിൽ അല്ലെങ്കിൽ ഒരു പ്രദേശത്ത് രണ്ട് വാർഡ്, നാല് വാർഡ്, ഞങ്ങളുടെ മണ്ഡലത്തിലൊക്കെ ഒരു വാർഡാണ്. അത്ര അധികം മെമ്പർമാരാണ്. എല്ലാ വീട്ടുകാരും ചേരുകയാണ്. എന്തെങ്കിലും പിടിച്ചെടുക്കാനൊന്നുമല്ല. ആ സംഘം അവരുടെ നാട്ടിൻപുറത്തെ ജീവിതത്തിന്റെ ഭാഗമാണ്. അതുകൊണ്ട് അതിന് യു.ഡി.എഫ്., എൽ.ഡി.എഫ് എന്നൊന്നുമില്ല. നാട്ടുകാർ മുഴുവൻ അതിനോട് സഹകരിക്കും. രണ്ട് വാർഡ്, മൂന്ന് വാർഡ്, നാല് വാർഡ് എന്ന് നിശ്ചയിച്ചിട്ടുണ്ട്. ആ പ്രദേശത്തുള്ള ആളുകളുടെ നിക്ഷേപം അവിടെ വരും. അപ്പോൾ നിക്ഷേപം അയയ്ക്കുന്നവന്റെ മനസ്സിലുണ്ട്, ഞാൻ ഈ സഹകരണ സംഘത്തിൽ മെമ്പറാണ്. അതാണ് നിക്ഷേപ സമാഹരണം ഇത്രയും വിജയിക്കുന്നത്. എന്റെ അദ്ധ്വാനത്തിന്റെ ഭാഗമായി ഞാൻ കൊടുക്കുന്ന നിക്ഷേപമുണ്ടെന്ന് അവർക്കറിയാം. ശ്രീ. ഹസ്സനറിയാം, ഗൾഫിൽ നിന്ന് അടക്കം ഇപ്പോൾ സംഘങ്ങളിലേക്ക് പണം അയയ്ക്കുകയാണ്. ഞങ്ങൾക്ക് കത്തയയ്ക്കും, ഞങ്ങളോടൊക്കെ വന്നുപറയും, ഒന്ന് ശുപാർശ ചെയ്യാൻ. ഒരു സംഖ്യ അയച്ചുകൊടുക്കും ഈ ഗൾഫ് മലയാളികൾ ഉൾപ്പെടെ. ഇപ്പോഴത്തെ പുതിയ വിവാദത്തിന്റെ പേരിൽ കുറഞ്ഞിട്ടുണ്ടോ എന്ന് പരിശോധിക്കണം. പക്ഷേ ധാരാളമായിട്ട് പണം വരും. ഞാൻ രാഷ്ട്രീയത്തിലേക്ക് പോകുന്നില്ല. ഇതിൽ തന്നെ നിൽക്കുകയാണ്. അങ്ങനെ എൻആർഐ അക്കൗണ്ടുകൾ ഉൾപ്പെടെ വരുന്നുണ്ട് നാട്ടിലാണെങ്കിലോ, സംഘങ്ങൾ നിക്ഷേപ സമാഹരണ സമയം വരുമ്പോൾ നന്നായിട്ട് ജനങ്ങൾ പണം ഇതിൽ കൊണ്ടുവന്ന് നിക്ഷേപിക്കും. ആ നിക്ഷേപിക്കുന്ന സംഖ്യ അവരുടെ ഉത്തമ വിശ്വാസമാണ്. അത് ഞങ്ങളുടെ പ്രദേശത്ത്, എന്റെ വില്ലേജിൽ, എന്റെ വാർഡിൽ, എന്റെ ഗ്രാമത്തിൽ മറ്റുള്ളവർക്ക് വായ്പയായി കൊടുക്കുമ്പോൾ പുതിയ തൊഴിലവസരങ്ങൾ വരുന്നു, കൃഷി പണി വരുന്നുവെന്ന് അവർക്കറിയാം. കൃഷി പണി വരുമ്പോൾ കർഷകർക്ക് മാത്രമല്ലല്ലോ നേട്ടം. കർഷകത്തൊഴിലാളികൾക്ക് ജോലി കിട്ടുന്നു, അറിടെ മറ്റ് അനുബന്ധമായ തൊഴിലവസരമുണ്ടാകുന്നു. അങ്ങനെ നാടിന്റെ സാമ്പത്തിക ഘടനയിൽ വലിയ ഗുണപരമായ ഒരു മാറ്റം, ഒരു വളർച്ച കൂടി ഈ സഹകരണ സ്ഥാപനങ്ങളുടെ വായ്പ നിക്ഷേപ സംരംഭങ്ങളിലൂടെ നടക്കുന്നുണ്ട്. അതിനെക്കുറിച്ച് ചില വിമർശനം ഉന്നയിക്കുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി വ്യാപകമായി കൊണ്ടുവന്ന സ്വാശ്രയ സംഘങ്ങൾ, വ്യക്തമായി അത് ഇവിടെ പറയണം. ഞാൻ അങ്ങയുടെകൂടെ അതിന്റെ ഉത്ഘാടന സമ്മേളനത്തിൽ പങ്കെടുത്ത് ചില വിമർശനങ്ങൽ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവിടെ മറുപടി പറഞ്ഞു, ഇത് വളരെ ആരോഗ്യകരമായ ഒരു മത്സരമാണ്. മത്സരമാണോ? ഇപ്പോൾ നാട്ടിലുള്ള സൊസൈറ്റി, സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ നമ്മുടെ നിയമമനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് പുറമെ ആയിരക്കണക്കിന് സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കയർ മേഖല, ഇൻഡസ്ട്രീസ് സംഘങ്ങൾ, ഡയറി, മിൽക്ക്, ഡയറി സംഘങ്ങൾ, പാൽ ഉൽപ്പാദക സംഘങ്ങൾ, വ്യവസായ സഹകരണ സംഘങ്ങളായാലും അല്ലാത്ത സംഘങ്ങളായാലും, മിൽക്ക്,

LIBRARY ARCHIVES Kerala Legislative Assembly

വനിതാ സംഘങ്ങൾ അത് വനിത ഇൻഡസ്ട്രീസ് സൊസൈറ്റികൾ മാത്രമല്ല കുടുംബശ്രീ യൂണിറ്റുകൾ സജീവമായതോടുകൂടി, കുടുംബശ്രീ യൂണിറ്റുകളുടെ സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളിലേക്ക് അവർ വരുന്നു. അങ്ങനെ വരുന്ന സൊസൈറ്റികൾ കേരളത്തിന്റെ പല മേഖലകളിൽ.....

ശ്രീ. പി. ജയരാജൻ : സർ, ബഹുമാനപ്പെട്ട രാജേന്ദ്രൻ, സ്വാശ്രയ സഹകരണ ബില്ലിനെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. സ്വാശ്രയ സഹകരണ ബിൽ വരാൻ പോകുന്നതാണ്. സ്വാശ്രയ സഹകരണ ബിൽ വരുന്നതിന് മുൻപ് തന്നെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട്നുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്ഥാപനമാണ് പരിയാരം മെഡിക്കൽ കോളേജ്. പരിയാരം മെഡിക്കൽ കോളേജിന് കൊച്ചിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേപ്പിന്റെ ഭരണം കൊടുത്തിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചപ്പോൾ "അങ്ങനെ കൊടുത്തിട്ടില്ല, ആരാണ് ഈ വിഡ്ഢിത്തം പ്രതിപക്ഷനേതാവിനോട് പറഞ്ഞത്" എന്ന് പറഞ്ഞ് സഹകരണ മന്ത്രി പരിഹസിക്കുകയാണ് ചെയ്തത്. എന്നാൽ 17-5-2002-ൽ ശ്രീ. ടി. കെ. ദേവകുമാറിന്റെ ചോദ്യത്തിന് മറുപടിയായി സഹകരണ മന്ത്രി പറഞ്ഞത് കോ-ഓപ്പറേറ്റീവ് അക്കാഡമി പരിയാരം മെഡിക്കൽ കോളേജിന് രണ്ട് പ്രാവശ്യമായി 11 കോടി രൂപ, ആദ്യം ഒരു കോടി രൂപ, രണ്ടാമത് 10 കോടി രൂപ പലിശയോടുകൂടി ഡെപ്പോസിറ്റായി നൽകിയിട്ടുണ്ടെന്നാണ്. എന്നുപറഞ്ഞാൽ സ്വാശ്രയ സഹകരണ ബിൽ വരുന്നതിന് മുൻപ് തന്നെ സ്വാശ്രയ സഹകരണ നിയമ പ്രകാരമുള്ള നടപടികൾ ഈ ഗവൺമെന്റ് ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞാൻ അതിലേക്കാണ് വരുന്നത്. അതായത് ബിൽ വന്ന് നിയമമാകുന്നതിന് മുൻപായി എന്റെ നിയോജക മണ്ഡലത്തിൽ പതിനഞ്ചോളം സൊസൈറ്റികൾ രൂപീകരിച്ചു. തൃശ്ശൂർ ജില്ലയിൽ നൂറിൽ കൂടുതൽ സൊസൈറ്റികളായി. കേരളത്തിലുടനീളം സൊസൈറ്റികൾ രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള സഹകരണ സംഘങ്ങൾ വ്യാപകമായ പ്രവർത്തനം ഈ മേഖലയിൽ നടത്തികൊണ്ടിരിക്കുമ്പോൾ ആ പ്രവർത്തനം തന്നെ ഏറ്റെടുത്തുകൊണ്ട് സ്വാശ്രയ സംഘങ്ങൾ വന്നാൽ നിലവിലുള്ള സംഘങ്ങൾ പരാജയപ്പെടില്ലേ ? അങ്ങനെയാണോ ഒരു മത്സരം നമ്മൾ കൊണ്ടുവരേണ്ടത് ? മറിച്ച് നിലവിലുള്ള സംഘങ്ങൾ ഈ പ്രവർത്തനങ്ങളൊക്കെ നടത്തുന്നില്ലേ ? വനിതാ സംഘങ്ങളായാലും തൊഴിൽപരമായ തൊഴിലുണ്ടാക്കി കൊടുക്കാൻ രൂപീകരിക്കുന്ന സംഘങ്ങളായാലും എത് മേഖല എടുത്താലും മൾട്ടി പർപ്പസ് എന്നുള്ള പേരിട്ട് വ്യാപകമായിട്ട് ഇങ്ങനെ സംഘങ്ങൾ രൂപീകരിച്ചാൽ എന്താണ് അതിന്റെയൊരു കൺട്രോൾ ? അവിടെ നടക്കുന്ന നിയമനങ്ങളാകട്ടെ, അവിടെ പലിശ നിശ്ചയിക്കുന്ന കാര്യങ്ങളാകട്ടെ, അവിടെ വായ്പ കൊടുക്കുന്നതാകട്ടെ, അതിന് ജില്ലാ ബാങ്കിൽ നിന്നൊക്കെ അമിതമായ..... അത് ഗവൺമെന്റ് സ്വാധീനമാണ്. ജില്ലാ ബാങ്കിൽ നിന്ന് ഇഷ്ടം പോലെ പൈസ കൊടുക്കുകയാണ്. ആ പൈസ ഉപയോഗിച്ച് ശ്രീ. ഹസ്സൻ അറിഞ്ഞോ, എന്റെ നിയോജകമണ്ഡലത്തിൽ ആരംഭിച്ച ഒരു വനിതാസംഘം പ്രസിഡന്റ് സ്ഥാനം കോൺഗ്രസ്സിന്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. കോൺഗ്രസിന്റെ ഒരു വനിതാ സ്ഥാനാർത്ഥി അതിന്റെ പ്രസിഡന്റായി. അടുത്തയാഴ്ച വഴക്കായി. അവരെ പുറത്താക്കി. അതും ബഹുമാനപ്പെട്ട മന്ത്രിയുടെ കക്ഷിക്കാർ എടുത്തു. ഞാൻ പറയുന്നത്, അങ്ങനെ രാഷ്ട്രീയവൽക്കരിക്കണമോ? സ്വാശ്രയ സംഘങ്ങൾ ഉണ്ടാക്കി പന്ത്രണ്ടായിരത്തോളം കോടി രൂപ നിക്ഷേപമുള്ള ഇത്രയും വിശ്വാസമുള്ള, ഇൻഡ്യയ്ക്ക് മുഴുവൻ മാതൃകയായുള്ള കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ ആ രീതിയിൽ തകർക്കണമോ? നിരവധി സഹകരണസംഘങ്ങൾ യു.ഡി.എഫ് നേതാക്കന്മാരുടെ കൈയിലില്ലേ? ബഹുമാനപ്പെട്ട കെ. പി. വിശ്വനാഥൻ തൃശ്ശൂർ ജില്ലയിലെ അറിയപ്പെടുന്ന സഹകാരിയല്ലേ? ദീർഘകാലം ജില്ലാ ബാങ്ക് പ്രസിഡന്റായിരുന്നില്ലേ? ആദരണീയനായ കൃഷ്ണനെഴുത്തച്ഛനൊക്കെ തുടങ്ങിവച്ചതല്ലേ? എല്ലാം എൽ.ഡി.എഫ്. ആണോ തുടങ്ങിയത്? കേരളത്തിലെ സഹകരണ പ്രസ്ഥാനം എന്ന് പറഞ്ഞാൽ അങ്ങനെ എൽ.ഡി.എഫ്.ആയി യു.ഡി.എഫ്.ആയി എന്തിനാണാക്കുന്നത്? സഹകാരികളുടെ പ്രസ്ഥാനമല്ലേ? അവിടെ സ്വാശ്രയ സംഘങ്ങൾ കൊണ്ടുവന്നു. അത് ശരിയാണോ? സഹകരണസംഘം മെഡിക്കൽ കോളേജ് നടത്തുന്നു. എങ്കിൽ കൊച്ചിയിലെ മെഡിക്കൽ കോളേജ് നന്നായി നടത്താൻ നടപടിയെടുക്കണം. അവിടുത്തെ കുട്ടികൾക്ക് വീണ്ടും പ്രവേശനം കൊടുക്കാനും കോഴ്സിന് അംഗീകാരം കിട്ടാനുമുള്ള നടപടി സ്വീകരിക്കണം. സഹകരണ സംഘം വകുപ്പിന്റെ മുഴുവൻ ശ്രദ്ധയും അവിടെയാണ്. ഞാൻ അങ്ങയുടെ ശ്രദ്ധക്കുവേണ്ടി പറയുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയിൽ ഞങ്ങൾക്ക് ഒരു ഉറപ്പ് തന്നു, ഞങ്ങൾക്ക് മാത്രമല്ല, കേരളത്തിലെ ജനങ്ങൾ മുഴുവൻ അങ്ങയുടെ അഭിപ്രായം വിലമതിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ അഭിപ്രായംകൂടി പരിഗണിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നില്ല എന്ന്. പ്രൊഫഷണൽ കോളേജിന്റെയും സ്വാശ്രയ കോളേജിന്റെയും മെഡിക്കൽ കോളേജിന്റെയും കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ അതിനെ വളരെ ആശാവഹമായിട്ടാണ് കണ്ടത്. ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭിപ്രായം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്ക് നൽകിയ അഷ്വറൻസ്. എന്തായി? എന്താണ് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഉണ്ടായത്? ശ്രീ. എം. എം. ഹസ്സനറിയുമോ ഇന്നലെ സുപ്രീംകോടതിയിൽ എന്താണുണ്ടായത്? നിങ്ങൾ കൊടുത്ത അഫിഡവിറ്റിൽ ഫീസിനെക്കുറിച്ച് നിങ്ങൾ വല്ല വാക്കും പറഞ്ഞോ? അത് അന്വേഷിക്കണം. സുപ്രീംകോടതിയുടെ ഭരണഘടന ബഞ്ചിനു മുമ്പാകെ കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളജുകളുടെയും എഞ്ചിനീയറിംഗ് കോളേജുകളുടെയും ഇത്രയും വിവാദപരമായ, എല്ലാവരും ശ്രദ്ധിക്കപ്പെടുന്ന ഒരു കേസ് വന്നപ്പോൾ 50 ശതമാനം മെരിറ്റ് സീറ്റിന്റേയും 50 ശതമാനം പേമെന്റ് സീറ്റിന്റെയും കാര്യങ്ങളല്ലാതെ നിങ്ങൾ ഫീസിന്റെ കാര്യം മറച്ചുവച്ചതല്ലേ? പരിയാരം മെഡിക്കൽകോളജ് സ്വാശ്രയ സ്ഥാപനമല്ലെന്ന് കഴിഞ്ഞ ദിവസം ഹൈക്കോടതി വിധിച്ചില്ലേ? 260 ഏക്കർ സ്ഥലവും ഗവൺമെന്റിന്റെ 65 കോടി രൂപയും സാനട്ടോറിയവും കൊടുത്തു കഴിഞ്ഞാൽ അത്തരം ഒരു സ്ഥാപനം സ്വാശ്രയ എന്ന അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിർവചിക്കാൻ കഴിയില്ല ; ആ സ്റ്റാറ്റസിൽ നിൽക്കാൻ കഴിയില്ല. അത് ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനമാണ് എന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ മുഴുവൻ കുട്ടികൾക്കും അവർക്ക് മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം കൊടുക്കാൻ കഴിയുന്നതിനുപകരം നിങ്ങൾ ആ വിധിക്കെതിരായി സുപ്രീംകോടതിയിൽ അപ്പീൽ പോകാൻ അനുവദിച്ചില്ലേ ? കേരളത്തിലെ നൂറോളം വിദ്യാർത്ഥികൾക്ക് മെരിറ്റ് അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കുന്ന ഫീസിൽ പഠിക്കാൻ അവസരം കിട്ടുന്നത് നിഷേധിക്കാൻ ഗവൺമെന്റ് സുപ്രീകോടതിയിൽ അപ്പീലിന് പോയതല്ലേ ? സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പറയുമ്പോൾ ഇത് പറയാതെ എങ്ങനെയാണ് പോകുന്നത് ? അതുകൊണ്ട് ഗവൺമെന്റിന്റെ നിയന്ത്രണം വേണം ; ഗവൺമെന്റിന്റെ സപ്പോർട്ട് വേണം ; ഗവൺമെന്റിന്റെ എല്ലാവിധത്തിലുള്ള സഹായവും വേണം. ഗവൺമെന്റിന്റെ സഹായം ഏകപക്ഷീയമായി ചില രാഷ്ട്രീയ പാർട്ടികൾക്കും ചില രാഷ്ട്രീയ താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ചിലർക്കുവേണ്ടി സംരക്ഷകരാകുന്നത് സഹകരണസംഘങ്ങളുടെ കാഴ്ചപ്പാട് നഷ്ടപ്പെടാൻ ഇടയാകും. അതുകൊണ്ട് കൃഷിക്കാർക്ക് വായ്പകൊടുക്കുവാനും..

ശ്രീ. എ. കെ. ബാലൻ : കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി വില്ലേജിലെ റീസർവ്വേ 256 (A) ൽപ്പെട്ട 150 ഏക്കർ ഭൂമിയാണ് അനധികൃതമായി ബഹുമാനപ്പെട്ട എം. വി. രാഘവൻ കൈവശം വച്ച് ആശുപത്രി നടത്തുന്നത് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, അത് ഹൈക്കോടതിക്കും ബോധ്യമായി. ഹൈക്കോടതി പറഞ്ഞു പരിയാരത്തുള്ള ഈ കോളേജ് സ്വാശ്രയ കോളേജല്ല എന്ന്. ഗവൺമെന്റിന്റെ സ്ഥലം, ഗവൺമെന്റ് പണം, ഗവൺമെന്റ് കെട്ടിടങ്ങൾ, ഗവൺമെന്റിന്റെ എല്ലാ സാമ്പത്തിക സൗകര്യങ്ങളും ഏർപ്പെടുത്തിയ പരിയാരം കോളേജിന് സ്വാശ്രയ സ്റ്റാറ്റസ് ഇല്ല. അവിടെ 100 ശതമാനം സീറ്റിലേക്കും മെരിറ്റിൽ പ്രവേശനം കൊടുക്കണമെന്ന് പറഞ്ഞു. അതുകൊണ്ട് ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയുമ്പോൾ എ.ഡി.ബി.യും വേൾഡ് ബാങ്കുമൊക്കെ വിട്ട് സഹകരണ ബാങ്കുകളിലുള്ള നിക്ഷേപം കാർഷിക ആവശ്യങ്ങൾക്ക് പുറമേ കേരളത്തിന്റെ മറ്റ് വികസന ആവശ്യങ്ങൾക്കു കൂടി ഉപയോഗപ്പെടുത്തണം.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ഈ നിയമമെന്നു പറയുന്നത് കേരളത്തിലെ കൃഷിക്കാരും അതുപോലെ കടമിടപാടുകാരും വളരെക്കാലമായിട്ട് ആവശ്യപ്പെടുന്നതാണ്. അതനുസരിച്ചുള്ള നടപടികളാണ് ഗവൺമെന്റ് എടുത്തത്. ഈ ഗവൺമെന്റ് മാത്രമല്ല കഴിഞ്ഞ ഗവൺമെന്റും അതിന് മുമ്പത്തെ ഗവൺമെന്റും നടപടി എടുത്തിട്ടുണ്ട്. ഡിസെന്റിംഗ് നോട്ട് എഴുതി ശ്രീ. എം. വി. ജയരാജൻ ഏത് കമ്മിറ്റി റിപ്പോർട്ടാണെന്ന് ചോദിച്ചു. ഇപ്പോൾ കുമാരൻ കമ്മിറ്റിയും അരവിന്ദാക്ഷൻ കമ്മിറ്റിയും, അതിന് മുമ്പ് എത്രയോ കമ്മിറ്റികൾ ഉണ്ടായിരുന്നു. ശ്രീ. ജയരാജന് കുമാരൻ കമ്മിറ്റിയാണ് പ്രിയമെങ്കിൽ അത് എടുക്കുക.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ ഗവൺമെന്റ് 1999-ൽ കേന്ദ്രഗവൺമെന്റിന്റെ അനുവാദം വാങ്ങിച്ചു. എന്നിട്ട് നിങ്ങൾ രണ്ട് കൊല്ലം ഭരിച്ചിട്ടും ബിൽ കൊണ്ടുവന്നില്ല. അതെല്ലാം തട്ടികുടഞ്ഞിട്ട് ഇപ്പോൾ കൊണ്ടുവരികയാണ്. നിങ്ങൾക്ക് അതായിരുന്നില്ല താൽപ്പര്യം. നിങ്ങൾക്ക് വേറെ താല്പര്യമായിരുന്നു. അതുകൊണ്ട് അത് വൈകിച്ചു. ഞങ്ങൾ അത് കൊണ്ടുവരുന്നു.....

ശ്രീ. പി. ജയരാജൻ : സർ, ആ കമ്മിറ്റി ഏതാണെന്നറിയാൻ പാടിച്ചതല്ലേ ?

ശ്രീ. എം. വി. രാഘവൻ : സർ, കുമാരൻ കമ്മിറ്റിയുണ്ട്, മറ്റേ കമ്മിറ്റിയുണ്ട്.

ശ്രീ. പി. ജയരാജൻ : സർ, ഏത് കമ്മിറ്റിയെന്നറിയണ്ടേ ?

ശ്രീ. എം. വി. രാഘവൻ : സർ, കമ്മിറ്റീസ് എന്നാക്കിക്കളയാം. നിങ്ങൾ കുമാരൻ കമ്മിറ്റി റിപ്പോർട്ട് കൊണ്ടുവന്നിട്ട് രണ്ട് വർഷം നടന്നിട്ട് എന്തേ ഒന്നും ചെയ്യാതിരുന്നത് ? നിങ്ങൾക്ക് വേറെ തിരക്കായിരുന്നു ; കർഷകരുടെ കാര്യം നോക്കിയിട്ടില്ല. ഇപ്പോൾ ഇവിടെ വന്നിട്ട് വെറുതെ വർത്തമാനം പറഞ്ഞിട്ട് കാര്യമുണ്ടോ ? എന്നെ വെറുതെ പ്രകോപിപ്പിക്കാൻ ശ്രമിക്കുകയാണ്. വെറുതെ പറഞ്ഞു പറഞ്ഞ് ചീത്തയാക്കണ്ട. അതുകൊണ്ട് കുമാരൻ കമ്മിറ്റിയാണെങ്കിൽ കുമാരൻ കമ്മിറ്റി. 1999-ൽ സെൻട്രൽ ഗവൺമെന്റിന്റെ സാങ്ഷൻ കിട്ടിയിരുന്നു. രണ്ട് കൊല്ലം ഇവർ ഭരിച്ചു. ആകെ രണ്ട് വേർഡാണ് മാറ്റുന്നത്. അതുകൊണ്ട് ഇവരെ സംബന്ധിച്ച് പറഞ്ഞാൽ ഗഹാൻ സമ്പ്രദായ പ്രകാരം വായ്പ എടുക്കുന്ന വ്യക്തികൾക്ക് ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ ഇപ്പോൾ രണ്ട് ശതമാനം കൊടുക്കണം. ആധാരം റിലീസ് ചെയ്യുമ്പോൾ രണ്ട് ശതമാനമല്ല, ഇതിന്റെ പലിശയും കൂട്ടിട്ട് അതിന്റെ രജിസ്ട്രേഷൻ ചാർജ്ജും കൊടുക്കണം. അത് ചിലപ്പോൾ രണ്ടരയും മൂന്നും ശതമാനമാകും, ഭാരിച്ച ഒരു സ്ഥിതിയാണ്. നമ്മുടെ കാർഷിക കടവും മറ്റ് കടങ്ങളും എടുക്കുന്നവരെ സംബന്ധിച്ച് അത് ഒഴിവാക്കുക എന്നുള്ളതാണ് ഗവൺമെന്റ് ഉദ്ദേശം. അത് ഒഴിവാക്കാൻ രണ്ട് ആക്ടിൽ ഭേദഗതി ആവശ്യമാണ്. കോ-ഓപ്പറേറ്റീവ് ആക്ടിലും 1984-ലെ കേരള സംസ്ഥാന കാർഷിക വികസന ആക്ടിലും ഭേദഗതി ആവശ്യമാണ്. അതിന്റെ പത്താം വകുപ്പിൽ നാലും അഞ്ചും ഉപവകുപ്പുകളിലാണ് ഭേദഗതി. 36(A) എന്ന് പറഞ്ഞ് കൂട്ടിച്ചേർക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഗഹാൻ പദ്ധതിക്കകത്ത് ഹൗസിംഗ് ഫെഡറേഷൻ പോലെ ഒഴിവാക്കപ്പെട്ട ചില സംഘങ്ങളുണ്ട്. അതുകൂടി ഇതിനകത്ത് ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീ. എം. വി. രാഘവൻ : സർ, അതുവരുന്നുണ്ട്. ഇതിൽ നമ്മൾ ജില്ലാ ബാങ്കിൽ ഡിപ്പോസിറ്റ് ചെയ്യുന്നത് 2,824 കോടി രൂപയും സംസ്ഥാന ബാങ്കിൽ 1635 കോടി രൂപയുമാണ്. അവരത് ഒഴിവാക്കിയാൽ അവർ അധികം കൊടുക്കുന്നത് പ്രൈമറി ബാങ്കുകൾക്കാണ്. പ്രൈമറി ബാങ്കിൽ മാത്രം 5400 കോടിരൂപയുണ്ട്. അങ്ങനെയാണ് മൊത്തം 9460 കോടി രൂപ ഡിപ്പോസിറ്റെന്നു പറയുന്നത്. അതിൽ 60 ശതമാനം വായ്പകൾ വസ്തു ജാമ്യത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

മൂവായിരം കോടിയോളം രൂപ അങ്ങനെ വസ്തു ജാമ്യത്തിൽ കണക്കാക്കിയാൽ, നാലു ശതമാനം ഫീസ് കണക്കാക്കിയാൽ 120 കോടി രൂപ ഗവൺമെന്റിന് നഷ്ടമാണ്. ഗവൺമെന്റ് റവന്യൂ 120 കോടി രൂപ കുറയും. എങ്കിലും ഗവൺമെന്റ് അത് കണക്കാക്കാതെ കൃഷിക്കാർക്ക് ആശ്വാസം നൽകുകയാണ്. എന്നിട്ടും ഇതിന്റെ എതിർപ്പുമായി വരുന്ന ആളുകളെപ്പറ്റി എന്തു പറയാനാണ് ? അതുകൊണ്ട് ഇതിന്റെ നിയമനിർമ്മാണത്തെ പറ്റി കൂടുതലൊന്നും പറയാനില്ല. കൃഷിക്കാരുടെ മുമ്പിലും നാട്ടുകാരുടെ മുമ്പിലും ഇതിനെ എതിർക്കുവാൻ കഴിയുകയില്ല. പിന്നെ പറഞ്ഞത് ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിനെക്കുറിച്ചാണ്. ജില്ലാ ബാങ്ക് തെരഞ്ഞെടുപ്പിൽ പതിനൊന്നെണ്ണം ഞങ്ങൾക്ക് കിട്ടി. രണ്ടെണ്ണം നിങ്ങൾക്കും കിട്ടി. ഒന്ന് കേസിലാണ്. അതാണ് സ്ഥിതി. കേസ് കഴിയുമ്പോൾ കോടതി വിധിയെ ധിക്കരിച്ച് ആർക്കും നില്ക്കാനൊന്നും കഴിയുകയില്ല. ജില്ലാ ബാങ്കിലെ തെരഞ്ഞെടുപ്പിൽ ഞാൻ മുമ്പ് ഇവിടെ പറഞ്ഞതാണ്. പന്ത്രണ്ടായിരം സൊസൈറ്റികൾ രജിസ്ട്രാറുടെ കീഴിൽത്തന്നെ ഇവിടെയുണ്ട്. അതുപോലെ ഇൻഡസ്ട്രീസിലും അഗ്രികൾച്ചറിലും അതുപോലുള്ള ഡിപ്പാർട്ടുമെന്റുകളിലുമുണ്ട്. ആ സൊസൈറ്റികളുടെ മുഴുവൻ അഫിലിയേഷൻ റദ്ദ് ചെയ്തു. 1628 ബാങ്കുകൾക്കു മാത്രമേ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അവകാശമുള്ളു എന്ന് പറഞ്ഞു. നിയമം കൊണ്ടുവന്നത് നിങ്ങളാണ്. ആ നിയമം കൊണ്ടുവന്നത് നിങ്ങൾക്ക് മുഴുവൻ പിടിച്ചെടുക്കുവാനാണ്. ആ തെറ്റ് തിരുത്തുമെന്ന് യു.ഡി.എഫ് പറഞ്ഞിട്ടുണ്ട്. അത് ഞങ്ങൾ തിരുത്തിയിട്ടുണ്ട്. അന്ന് നിലവിലുള്ള അഫിലിയേഷനിലുള്ളവർക്കു മുഴുവൻ വോട്ടവകാശം കൊടുത്തിട്ടുണ്ട്. ഒരു തെരഞ്ഞെടുപ്പിലാണ് ചെയ്യാത്തത്. ഞാൻ അത് മുമ്പും പറഞ്ഞതാണ്. പിന്നെ അത് ആവർത്തിച്ചതുകൊണ്ട് കാര്യമില്ല. അതുപോലെ ഇവിടെ സ്വാശ്രയ സംഘങ്ങളെപ്പറ്റി പറഞ്ഞു. എന്തിനാണ് ഇപ്പോൾ അങ്കലാപ്പ്? സ്വാശ്രയ സംഘങ്ങൾ ഇൻഡ്യയിൽ മുഴുവൻ വരാൻ പോകുന്നു. സ്വാശ്രയ സംഘങ്ങൾ വന്നാൽ നിങ്ങൾ ഉണ്ടാക്കിയ സംഘത്തിന്റെ റസ്പോൺസിബിലിറ്റി നിങ്ങൾക്കാണ്. കാരണം നഷ്ടം വന്നാലും നിങ്ങൾ സഹിക്കണം. ഇപ്പോൾ പ്രൈമറി ബാങ്കുകളുടെ സ്ഥിതി എന്താണ് ? പ്രൈമറി ബാങ്കുകൾ നടത്തുന്നത് പ്രതിപക്ഷത്തിരിക്കുന്നവരാണ്. 1628 പ്രൈമറി ബാങ്കുകളിൽ ഒരു കോടി ഇരുപത്തിയഞ്ചു ലക്ഷം അംഗങ്ങളുണ്ട്. അത് പിടിച്ചെടുക്കുവാൻവേണ്ടി ഇരട്ടിപ്പിച്ചതാണ്. സംഘങ്ങളെ സംബന്ധിച്ചിടത്തോളം, 856 സംഘത്തിന്റെ നഷ്ടം 225 കോടി രൂപയാണ്. അതിലിപ്പോൾ One Time Settlement വന്നതു കൊണ്ടല്ല, കഴിഞ്ഞ കൊല്ലത്തെ നഷ്ടമാണ്. One Time Settlement വരുന്നതിനു മുമ്പ് നഷ്ടം കൂടിവരികയാണ്. അഗ്രികൾച്ചറൽ ബാങ്കിന് നാല്പത്തിമൂന്ന് കോടി രൂപ നഷ്ടമുണ്ട്. ജില്ലാ ബാങ്കുകളുടെ നഷ്ടം, കോട്ടയത്തും തൃശ്ശൂരും ഉള്ള ബാങ്കിന് മാത്രമുള്ള നഷ്ടം ഇരുപത്തിരണ്ട് കോടിരൂപയാണ്. ബാക്കി ബാങ്കുകൾക്കുള്ളത് ചുരുങ്ങിയ ലാഭം മാത്രമാണ്. അതുകൊണ്ട് അതിന്റെ കണക്ക് എന്നെക്കൊണ്ട് വീണ്ടും പറയിക്കണ്ട എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. സ്വാശ്രയസംഘം എന്നു പറഞ്ഞാൽ സംഘം രജിസ്റ്റർ ചെയ്യുന്നതിന് ഉത്തരവാദിത്വങ്ങളുണ്ട്. ഇപ്പോഴുള്ള സംഘത്തിന് ആ നിയമത്തിലേക്കു വരാൻ ചോയിസ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നുണ്ട്. ബിൽ വരുന്നതോടുകൂടി അത് നിയമമാക്കേണ്ടതിന് തീരുമാനിക്കേണ്ടത് അസംബ്ളിയാണ്. അങ്ങനെയൊരു നിയമനിർമ്മാണം അസംബ്ളി തയ്യാറാക്കിയിട്ടുണ്ട്. നിയമസഭയിൽ ചർച്ചയ്ക്ക് വരും. അത് വേണമോ വേണ്ടയോ എന്ന് നിയമസഭ തീരുമാനിക്കണം. പക്ഷേ ആ നിയമം വന്നാലും ഇന്നുള്ള കോ-ഓപ്പറേറ്റീവ് ആക്ട് നിലനില്ക്കും. അതാണ് ഞങ്ങളുടെ ഉദ്ദേശം. ഇന്നുള്ള ആക്ടിൽ മുന്നോട്ടു പോകുവാൻ ആഗ്രഹിക്കുന്നവർ അതിൽതന്നെ മുന്നോട്ടു പോകുക. സ്വാശ്രയത്തിലേക്ക് വരാൻ ആഗ്രഹിക്കുന്നവർക്ക് അതിൽ വരാം. സ്വാശ്രയ സംഘം രജിസ്റ്റർ ചെയ്യണം. ഇപ്പോൾ ഭരണത്തെ എതിർക്കുന്ന ഇടതുപക്ഷക്കാർ പറയുന്നു, ഞങ്ങൾക്ക് സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നില്ല എന്ന്. സൊസൈറ്റി രജിസ്ട്രേഷനെ സംബന്ധിച്ച് ഇപ്പുറത്തും ആക്ഷേപം ഉണ്ടാകും. നിങ്ങൾ ഭരിക്കുമ്പോൾ ആർക്കെങ്കിലും കൊടുത്തോ ? കണ്ണൂരിൽ സി.പി.ഐ.-ക്കാർ പറഞ്ഞു, ഞങ്ങൾ തെക്കൻ പാർട്ടിയാണ്. അഞ്ചു കൊല്ലം ഒന്നായി ഭരിച്ചിട്ട് ഒരു സൊസൈറ്റി നിങ്ങൾക്ക് രജിസ്റ്റർ ചെയ്തിട്ടില്ല. അതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. ഇരുപത്തിയഞ്ച് ആളുകൾ ഒപ്പിട്ട ഒരു പെറ്റിഷൻ കൊടുത്താൽ, മൂന്നു മാസം, നിശ്ചയിച്ച ദിവസത്തിനിടയിൽ അത് രജിസ്റ്റർ ചെയ്യണമോ വേണ്ടയോ എന്നു തീരുമാനിക്കാനുള്ള അവകാശം രജിസ്ട്രാർക്കുണ്ട്. നിയമപ്രകാരം അർഹതയില്ലെങ്കിൽ ആ വിവരം അറിയിക്കണം. അറിയിച്ചിട്ടില്ല എങ്കിൽ അത് രജിസ്റ്റർ ചെയ്യപ്പെടും. എല്ലായിടത്തും ജനാധിപത്യം സംരക്ഷിക്കപ്പെടുകയാണ്. അങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ടാൽ ഗവൺമെന്റ് ശമ്പളം നിശ്ചയിക്കുകയില്ല; ബോണസ് നിശ്ചയിക്കുകയില്ല. അവരാണ് തീരുമാനിക്കേണ്ടത്. നഷ്ടം വന്നാൽ അവർ സഹിക്കണം. ലാഭം വന്നാൽ അവർക്ക് വീതിക്കാം. ഇപ്പോൾ മെമ്പർമാർ വീതിക്കുന്നുണ്ടല്ലോ ? അതുകൊണ്ട് അത് എല്ലാ സ്റ്റേറ്റിലും വരികയാണ്. അത് നമ്മൾ ചർച്ച ചെയ്യാം. അപ്പോൾ ആലോചിച്ചാൽ മതി. കാർഷിക കടാശ്വാസം സംബന്ധിച്ച സ്റ്റേറ്റുമെന്റ് തരാത്തവരിൽ ഭൂരിപക്ഷം അപ്പുറത്തിരിക്കുന്ന ആളുകൾ ഭരിക്കുന്ന സംഘങ്ങളാണ്. ഒരു കാര്യം ഞാൻ പറയാം. സ്റ്റേറ്റുമെന്റ് വച്ചില്ലായെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കും. അന്നേരം ബഹളം വച്ചിട്ട് കാര്യമില്ല. വെറും പതിമൂന്നു കോടിരൂപയുടെ സ്റ്റേറ്റുമെന്റ് മാത്രമാണ് കിട്ടിയത്. ആ പണം കൊടുത്തിട്ടുണ്ട്. 684 കോടി രൂപ പിരിഞ്ഞു കിട്ടി. ചെണ്ട കൊട്ടി ആളുകളെ അപമാനിക്കല്ലേ എന്ന് നിങ്ങൾ പറയുന്നില്ലേ? ആ സ്ഥിതി അവസാനിപ്പിക്കുവാനാണ് One Time Settlement. 684 കോടി രൂപ സൊസൈറ്റികൾക്ക് പിരിഞ്ഞു കിട്ടി. നിഷ്ക്രിയ ആസ്തി എന്നുപറഞ്ഞ് എഴുന്നൂറിൽപ്പരം കോടി രൂപ നില്ക്കുകയാണ്. എന്നു പറഞ്ഞാൽ കടം കൊടുത്ത് പിരിച്ചെടുക്കുവാൻ സാധിക്കുന്നില്ല. നല്ല സാഹിത്യത്തിൽ പറഞ്ഞാൽ നിഷ്ക്രിയ ആസ്തി. ഇപ്പോൾ രണ്ടാമതും One Time Settlement പ്രഖ്യാപിച്ചിട്ടുണ്ട് അതിനെതിരായിട്ടാണ് ഇവിടെ പ്രസംഗിച്ചത്. 21 ശതമാനം പലിശയ്ക്ക് കൊടുക്കാൻ ഇത് ബ്ലേയ്ഡ് കമ്പനിയാണോ ? അഴിമതിയും ധൂർത്തും നടത്തിയിട്ട് സഹകരണസംഘത്തെ നശിപ്പിക്കുകയാണ്. Blade Companies share participation ഇപ്പോൾ അഞ്ചാക്കി, ചിലയിടത്ത്

LIBRARY ARCHIVES Kerala Legislative Assembly

പത്തും. കൊള്ളയാണ് നടക്കുന്നത്. ആരാണെന്നൊന്നും ഞാനിപ്പോൾ പറയുന്നില്ല. അത് അവസാനിപ്പിക്കണം. ഞങ്ങൾ ഇപ്പോൾ നിർബന്ധമായി പറഞ്ഞിട്ടുണ്ട്. ഒരു ശതമാനം മാത്രമേ ഷെയർ എടുക്കുവാൻ പറ്റുകയുള്ളൂ. ഭൂരിപക്ഷം സംഘങ്ങളും ഇപ്പോൾ അഞ്ച് ശതമാനമാണ് എടുക്കുന്നത്. അതുപോലെ മൂന്നു ശതമാനം പലിശ കുറച്ചിട്ടുണ്ട്. ഇതുംകൂടി വന്നാൽ കൃഷിക്കാർക്ക് ആശ്വാസം കിട്ടും. ബാങ്ക് പദ്ധതി നടപ്പിൽ വന്നാൽ അതിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കുവാനാണ് ഈ ഗവൺമെന്റിന്റെ ഉദ്ദേശം. ബ്ലേയ്ഡ് കമ്പനിയല്ല. ബ്ലേയ്ഡ് കമ്പനിയായിട്ടാണ് പലരും ഇപ്പോൾ നടത്തുന്നത്. അതുകൊണ്ടാണ് One Time Settlement-നെ എതിർക്കുവാൻ വേണ്ടി ശ്രമിക്കുന്നത്. ചെണ്ട കൊട്ടുന്നതിനെപ്പറ്റി ഇവിടെ പറഞ്ഞല്ലോ ; ശരിയാണ്. ചെണ്ടകൊട്ടൽ അപമാനിക്കലാണ്. ചെണ്ട കൊട്ടിയാലേ വിവരമറിയൂ എന്നാണ് സഹകരണ സംഘങ്ങൾ പറയുന്നത്. ചെണ്ട കൊട്ടാനൊന്നും പറഞ്ഞിട്ടുമില്ല. ഏതായാലും അത് നിരോധിക്കുന്ന ഉത്തരവ് കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാണെന്നാണ് ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ജപ്തി നടപടി നിറുത്താൻ കഴിയുകയില്ല. ജപ്തി നടപടി ഇല്ലാതാക്കുവാനാണ് ഗവൺമെന്റ് 12 ശതമാനം പലിശയ്ക്ക് ആനുകൂല്യം പ്രഖ്യാപിച്ചത്, One Time Settlement ഏർപ്പെടുത്തിയത്. ഡോക്യുമെന്റ് റേറ്റോ ഇപ്പോഴത്തെ റേറ്റോ ഏതാണ് കുറവെന്നു കണ്ടാൽ അത് കൊടുത്താൽ മതിയായിരുന്നു. ഇപ്പോൾ അതു തന്നെയാണ് പറയുന്നത്. പക്ഷേ ഒരു വ്യത്യാസം. പന്ത്രണ്ട് കൊടുത്താൽ മതി. ഡോക്യുമെന്റ് റേറ്റ് ഇപ്പോൾ എത്രയാണ് ? 12%, 13%, 14%. പന്ത്രണ്ട് ശതമാനം കൊടുത്താൽ മതി സെറ്റിൽ ചെയ്യും.പ്രൈമറി ബാങ്കുകളെ സംബന്ധിച്ച് ജില്ലാ ബാങ്കിനും സ്റ്റേറ്റ് ബാങ്കിനും അതിനേക്കാൾ ഉയർന്ന ആനുകൂല്യമുണ്ട്. 1997-ൽ ഓവർഡ്രാഫ്റ്റ് ആയിട്ടുള്ള സംഖ്യ ഈ രണ്ടായിരമാണ്ടുവരെയുള്ള പലിശയോടുകൂടി, അതും പന്ത്രണ്ട് ശതമാനമാണ്, അടച്ചു തീർത്താൽ പിന്നെ മൂന്നു കൊല്ലത്തെ പലിശയേ കൊടുക്കണ്ട. അയാൾ ഡിസ്ട്രിക്ട് ബാങ്കിലും സ്റ്റേറ്റ് ബാങ്കിലും 2000 വരെ പന്ത്രണ്ട് ശതമാനം പലിശയും മുതലും മുഴുവനും അടച്ചുതീർക്കണം. അതല്ല കൂടുതലായിട്ടാണ് അടയ്ക്കുന്നതെങ്കിൽ പന്ത്രണ്ട് ശതമാനം പലിശ കൊടുക്കണം. പ്രൈമറിയെക്കാളും ജില്ലാ ബാങ്കിന് ഏറ്റവും വലിയ ആനുകൂല്യമുണ്ട്. നിഷ്ക്രിയ ആസ്തി മാറ്റിയെടുക്കുവാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. കടക്കെണിയിൽപ്പെട്ടിട്ടുള്ള ആളുകളെ രക്ഷിക്കുവാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത് എന്നാണ് അതിനെപ്പറ്റി പറയാനുള്ളത്. പരിയാരം മെഡിക്കൽ കോളേജിനെ സംബന്ധിച്ച് പറഞ്ഞു. എത്രവട്ടമായി ഞാൻ പറയുന്നു; ആ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തിട്ട് 140 കോടി രൂപയുടെ ബാധ്യത ഉണ്ടാക്കി. ആറു കൊല്ലം പഠിച്ച കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വാങ്ങിക്കൊടുക്കുവാൻ നിങ്ങൾക്ക് കഴിഞ്ഞോ ? ഈ ഗവൺമെന്റ് വന്നിട്ടല്ലേ അത് ചെയ്തത്. അവിടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആശുപത്രി, ലാന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെതാണ്. ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്തത് ആനുകൂല്യം കിട്ടുവാനാണ്.

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ എഡ്യൂക്കേഷൻ മാത്രം ചാരിറ്റബിൾ സൊസൈറ്റിയുടേതാണ്. ബാക്കി വസ്തുക്കൾ മുഴുവൻ കോ-ഓപ്പറേറ്റീവ് ആണ്. രണ്ട് ഏക്കറുണ്ട്. അതിനെ എതിർത്തിട്ട് ഇപ്പോൾ പ്രസംഗിക്കുന്നവർ കൊച്ചിയിൽ എന്താണ് ചെയ്തത് ? ആരും കാണണ്ട എന്നു വിചാരിച്ച് കണ്ണടച്ചിട്ട് കാര്യമുണ്ടോ ? കൊച്ചിയിൽ ശ്രീ. നായനാരുടെ നേതൃത്വത്തിലുള്ള ഉദ്ഘാടനം മാത്രമേ നടത്തിയിട്ടുള്ളൂ. പതിനേഴു ലക്ഷം രൂപ അന്നത്തെ ഉദ്ഘാടനത്തിന് ചെലവാണ്. അതിന്റെ ചെലവും കൊടുത്തിട്ടില്ല. ഞങ്ങൾ വന്നിട്ടാണ് കൊടുത്തത്. അവിടെ വെറും ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ചാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലെന്നേയുള്ളൂ. ചാരിറ്റബിളാണ്. അവിടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയേ

[അദ്ധ്യക്ഷവേദിയിൽ മി. സീപ്പ്ക്കർ]

ഇല്ല. ശ്രീ. നായനാരുടെ കാലത്തുതന്നെ ശ്രീ. നായനാർ പങ്കെടുത്ത ഒരു മിനിറ്റ്സിൽ എഴുതിവച്ചിരിക്കുന്നു അമ്പതിനായിരം ഡോളർ വാങ്ങാം എന്ന്. അതും എഴുതി വച്ചിട്ടുണ്ട്. കൊച്ചിയിൽ ഞാൻ പോയി നോക്കുമ്പോൾ വെറും അറുപത് ഏക്കർ സ്ഥലം മാത്രമാണുള്ളത്. ഒരു യു.പി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെൻഡർ കൊടുത്തു ; അഡ്വാൻസ് കൊടുത്തിട്ടില്ല ; പണി ചെയ്തിട്ടില്ല. ഈ ഗവൺമെന്റ് വന്നിട്ടാണ് സർപ്ലസ് ഫണ്ടിൽനിന്ന് പണമെടുത്തത്. കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കൺസോർഷ്യം ഉണ്ടാക്കി പണം എടുത്തത് കോൺട്രാക്ടേഴ്സ് നാലായി വീതിച്ചിട്ട് ഇപ്പോൾ പണി നടക്കുകയാണ്. ഡിസംബറിൽ മൂന്നു കെട്ടിടം കെട്ടും. ഒരു കെട്ടിടം ഇപ്പോൾ ഉദ്ഘാടനം ചെയ്തു. അടുത്ത ജനുവരി ആകുമ്പോൾ അടുത്ത കെട്ടിടങ്ങൾ പൂർത്തിയാകും. നിങ്ങൾ നാശമാക്കിയ പരിയാരം മെഡിക്കൽ കോളേജ് ഈ ഗവൺമെന്റ് ഏറ്റെടുത്തു. ഹൃദയ ശസ്ത്രക്രിയ വരെ പരിയാരം മെഡിക്കൽ കോളേജിൽ നടക്കാൻ പോവുകയാണ്. അതുപോലെ നിങ്ങൾ തകർത്ത കേരളത്തിലെ ഒന്നാമത്തെ മെഡിക്കൽ കോളേജാണ് കൊച്ചി മെഡിക്കൽ കോളേജ് അത് ഞങ്ങൾ ഏറ്റെടുത്തു. അതാണ് ഞാൻ പറയുന്നത്. എന്നിട്ട് അതിനെപ്പറ്റി ഇവിടെ വന്ന് പ്രസംഗമാണ്. എന്ത് പ്രസംഗമാണ്? എന്തിനാണ് ഇവർ എന്നെക്കൊണ്ട് വീണ്ടും വീണ്ടും ഇത് പറയിപ്പിക്കുന്നത്? അതുകൊണ്ട് ചാരിറ്റബിളിനെപ്പറ്റിയും പരിയാരത്തെപ്പറ്റിയും പറയേണ്ട. പരിയാരം 120 ഏക്കർ ഉണ്ട്. 250 എന്നൊക്കെ ഓരോരുത്തർ പറയുന്നു. ശ്രീ. രാജേന്ദ്രനോട് ഞാൻ പറയാം, ഏതോ പത്രത്തിൽ അടിച്ചുവന്നത് കോടതി വിധിയെന്ന് ഗീർവ്വാണം പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? പരിയാരം മെഡിക്കൽ കോളേജ് സ്വാശ്രയ കോളേജ് അല്ല എന്ന് ഒരു കോടതിയും വിധിച്ചിട്ടില്ല. ഏതോ പത്രത്തിൽ അങ്ങനെ വാർത്ത വന്നു. ഞാൻ വക്കീലിനോട് കോടതിയിൽ അന്വേഷിച്ചു. അങ്ങനെ ഒരു വിധി ഉണ്ടായിട്ടില്ല. സുപ്രീംകോടതിയിൽ പോകേണ്ട ആവശ്യമില്ല. മനസ്സിലായില്ലേ? ലാൻഡ് കൊടുത്തതിനെതിരായി സി.പി.എം., നമ്മുടെ പഴയ പാർട്ടി കേസ് കൊടുത്തു. അഡ്വക്കേറ്റ് ജനറൽ ഹാജരായില്ല. എന്നിട്ട് ഒരു വിധിയുണ്ടാക്കിവച്ചിട്ടുണ്ട്. ആ വിധി തിരുത്താൻ ഞങ്ങൾ കൊടുത്തിട്ടുണ്ട്. പിന്നെ എന്തോ മഹാമായ ഇവിടെ അത് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയാം. കൊച്ചി മെഡിക്കൽ കോളേജിന് എറണാകുളം ജില്ലാ ബാങ്കിൽ നിന്ന് 10 കോടി രൂപ കടമെടുത്തു. പരിയാരത്തിന് തല്ക്കാലം ആവശ്യമുള്ളപ്പോൾ അര ശതമാനം പലിശ കൂട്ടി അവർക്ക് കൊടുത്തു. തിരിച്ച് അവർ കൊടുക്കുകയും ചെയ്തു. പിന്നെ എന്ത് പൈസ കൊടുത്തു? അതിന്റെ ഉള്ളുകളി പറഞ്ഞാൽ, പരിയാരം എന്ന പേർ കേട്ടാൽ എറണാകുളം ജില്ലാ ബാങ്ക് പൈസ തരില്ല. കൊച്ചി എന്നുപറഞ്ഞാൽ പൈസ തരും. അങ്ങനെ കൊച്ചിയിൽ നിന്നെടുത്ത് അരശതമാനം കൊടുത്തിട്ടാണ് മറ്റവർ എടുത്തത്. അത് തിരിച്ച് കൊടുക്കുകയും ചെയ്തു. പിന്നെ എന്ത് പൈസ കൊടുത്തുവെന്നാണ്? പരിയാരം മെഡിക്കൽ കോളേജിന് പണം കൊടുക്കാൻ പാടില്ല എന്ന് മോനായിക്ക് നിർദ്ദേശം കൊടുത്തത് നിങ്ങളല്ലേ? അതുകൊണ്ട് പരിയാരത്തിന്റെ പേരിൽ എടുത്തില്ല. കൊച്ചിയുടെ പേരിൽ എടുത്തു. കൊച്ചിക്ക് ആവശ്യമില്ല. അരശതമാനം പലിശ കൂട്ടിയിട്ട് അവർക്ക് കൊടുത്തു. പരിയാരം മെഡിക്കൽ കോളേജിനെ ചുട്ടുകരിക്കാൻ വേണ്ടിയാണ് നിങ്ങൾ ശ്രമിച്ചത്. അത് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേൽക്കും. അതുപോലെതന്നെ നാശത്തിന്റെ പടുകുഴിയിൽ തള്ളിയിട്ടിരിക്കുന്ന കൊച്ചി മെഡിക്കൽ കോളേജും നിങ്ങളുടെ മുമ്പിൽ തന്നെ ഉയിർത്തെഴുന്നേൽക്കുമെന്ന് ഞാൻ പറയുകയാണ്. ഇതെല്ലാം പറയിപ്പിക്കുകയാണ് ചെയ്യുന്നത്..... (ബഹളം).....ഒച്ചവച്ചിട്ടൊന്നും ഒരു കാര്യവുമില്ല. ചെയ്യാൻ കഴിയുന്നിടത്ത് ചെയ്യണം. അതല്ലാതെ ഒന്നും ചെയ്യാതെ ഇവിടെ വന്നിരുന്നിട്ട് നാക്കിട്ടടിച്ചിട്ട് കാര്യമില്ല. എന്തെങ്കിലും പറയുമ്പോൾ വസ്തുതകൾ വേണ്ടേ? അതേ പറയാനുള്ളൂ. 'ഗഹാൻ' എന്ന പദത്തെക്കുറിച്ച് നേരത്തെ ഇവിടെ ആരോ ചോദിച്ചു. അത് പേർഷ്യൻ ഭാഷയിൽ നിന്ന് ഹിന്ദിയിലേക്ക് വന്നിട്ടുള്ളതാണ്. 'ഗഹാൻ' എന്ന പദത്തിന്റെ അർത്ഥം 'മോർട്ട്ഗേജ്' എന്നുമാത്രമേയുള്ളൂ. അതാണ് അതിനെപ്പറ്റി പറയാനുള്ളത്.

മി. സ്പീക്കർ : ശ്രീ. എം. എ. വാഹീദ്, ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എം. എ. വാഹീദ് : സർ, ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല.

Mr. Speaker : The amendment moved by Shri M.A. Vaheed is, by leave, withdrawn.

ശ്രീ. കെ. പി. രാജേന്ദ്രൻ, ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. പി.രാജേന്ദ്രൻ : സർ, ഭേദഗതി പ്രസ്സ് ചെയ്യുന്നില്ല.

Mr. Speaker : The amendment moved by Shri K.P. Rajendran was put and lost. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽപരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം വകുപ്പ്

Shri Kodiyeri Balakrishnan : Sir, I move the following amendments :

(96) In the new section 36 A of the Kerala Co-operative Societies Act 1969 proposed to be inserted by Clause 2, for the words "charge on movable or immovable property", substitute the words "charge on a borrowing not exceeding one lakh rupees on movable or immovable property".

(101) In the explanation to the new section 36A of the Kerala Co-operative Societies Act 1969, proposed to be inserted by Clause 2, delete the words "or a Primary Housing Society" in the fifth line.

(102) In the new section 36A of the Kerala Co-operative Societies Act 1969 proposed to be inserted by Clause 2, delete the words "or a Primary Housing Society" in the fifth line and delete the tenth and eleventh lines.

(112) In the explanation to the new Section 36A of the Kerala Co-operative Societies Act, 1969, proposed to be inserted by Clause 2, for the words " a special charge on movable or immovable property" substitute the words "a special charge on a borrowing not exceeding rupees One lakh on movable or immovable property".

(113) In the explanation to the new Section 36A of the Kerala Co-operative Societies Act, 1969, proposed to be inserted by Clause 2, for the words "declaration in writing" substitute the words "declaration in fifty rupees stamp paper along with the original title deed of the property".

ഇതിലെ ഒരു പ്രശ്നം "ഗഹാൻ" എന്നുപറഞ്ഞാൽ എന്താണെന്ന് ഇതുവരെ ആർക്കും പിടികിട്ടിയിട്ടില്ല.

മി. സ്പീക്കർ : അദ്ദേഹം ഇപ്പോൾ പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മന്ത്രി പറയുന്നു പേർഷ്യൻ ഭാഷയിൽ നിന്ന് വന്നതാണെന്ന്.

മി. സ്പീക്കർ : മോർട്ട്ഗേജ് എന്നാണ് അതിന്റെ അർത്ഥം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അങ്ങനെ കൊടുത്താൽ പോരേ? എന്തിന് അറിയാത്ത ഒരു വാക്ക് ഇതിനകത്ത് എഴുതി വയ്ക്കണം? നമ്മൾ എല്ലാം മലയാളീകരിക്കുമ്പോൾ അതനുസരിച്ചുള്ള മലയാള വാക്ക് കണ്ടുപിടിച്ച്, ഒരുപാട് ആളുകൾ മലയാളീകരിക്കാൻവേണ്ടി വർക്ക് ചെയ്തുകൊണ്ടിരിക്കുന്ന കാലത്ത്....

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, സാധാരണ എല്ലാ സംസ്ഥാനങ്ങളിലെ നിയമത്തിലും കേന്ദ്രനിയമത്തിലും 'ഗഹാൻ' എന്ന വാക്കാണ് ഉപയോഗിക്കുന്നത്. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ആ വാക്ക് വളരെ പ്രചാരമുള്ളതാണ്. ദേശീയതലത്തിൽ റിസർവ്വ് ബാങ്ക്, നബാർഡ് അതുപോലുള്ള എല്ലാ സ്ഥാപനങ്ങളിലും, എല്ലാ വായ്പ കൊടുക്കുന്ന സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന വാക്ക് ഇതാണ്. അത് എല്ലാ തലത്തിലും അംഗീകരിക്കപ്പെട്ട ഒരു വാക്കാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മഹാരാഷ്ട്രയിലോ മറ്റോ ഉള്ള നിയമത്തിനകത്താണ് ഈ വാക്ക് ആദ്യം വന്നതെന്നാണ് തോന്നുന്നത്. അവിടെ അത് ഉപയോഗിച്ചപ്പോൾ നമ്മളും അത് ഉപയോഗിക്കാൻ തുടങ്ങി. യഥാർത്ഥത്തിൽ ഇത് നല്ല സിസ്റ്റമാണ്. സാധാരണക്കാരന്, കടമെടുക്കുന്ന ആളുകൾക്ക് സഹായകവുമാണ്. അതുകൊണ്ട് ഇതിന്റെ മറ്റുതരത്തിലുള്ള എതിർപ്പല്ല ഞാൻ പറയുന്നത്. ആ നിർവ്വചനത്തിൽ കുറേക്കൂടി വ്യക്തത വരുത്തിക്കൊണ്ട് ചെയ്യണമെന്നതാണ്. അതുപോലെതന്നെ പ്രമാണം ചെയ്യുന്ന സന്ദർഭത്തിൽ തന്നെ ബില്ലിൽ ഹൗസിംഗ് സൊസൈറ്റി ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിൽ കുറേക്കൂടി വ്യക്തത വരുത്തുന്ന വിധത്തിലുള്ള ഭേദഗതിയാണ് കൊടുത്തിട്ടുള്ളത്.

Smt. P. K. Sreemathy Teacher : Sir, I move the following amendment :

(97) In the new section 36 A to Act 21 of 1969, proposed to be inserted by Clause 2, after the words "a borrower in favour of" following words shall be added, namely :-

"any Co-operative Societies or Co-operative Banks formed as per the provisions under the Kerala Co-operative Societies Act , 1969 and the Kerala State Co-operative Agricultural and Rural Development Banks Act, 1984".

Shri M.A. Vaheed : Sir, I move the following amendment :

(98) In the new section 36A of the Act 21 of 1969, proposed to be inserted by Clause 2 for the words "State Co-operative Bank or District Co-operative Banks" the words "all Co-operative Banks" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

Shri P. Jayarajan : Sir, I move the following amendments :

(99) In the new section 36 A of Act 21 of 1969, proposed to be inserted by Clause 2, insert the words " or Urban Co-operative banks except unlicenced Urban Banks" in between the words " District Co-operative Bank or" and "Primary Agricultural credit Society" wherever it occurs.

(100) In the new section 36A of Act 21 of 1969, proposed to be inserted by Clause 2 after the words "Primary Agricultural Credit society" the words "or a Primary Credit society" shall be inserted, wherever it occurs.

(104) In the explanation to the new Section 36A of Act 21 of 1969, proposed to be inserted in Clause 2 after the words "Primary Housing Society" insert the words "or a Primary Credit Society".

(108) Add the following proviso to the new Section 36A of Act 21 of 1969, proposed to be inserted by Clause 2, namely :-

"Provided that Gehan shall not be allowed to be created in respect of a loan taken over by the said Banks or said Societies".

(109) Add the following proviso to the new section 36A of Act 21 of 1969, proposed to be inserted by Clause 2, namely :-

" Provided that the Chief Executive Officer of the said bank or Society shall be held responsible to send the declaration or the instrument created under Gehan and the release deed thereof to the registering Officer of the local area within three days of the execution of the instrument failing which he shall be punishable with fine which may extend to Rs.2000 or with imprisonment which may extend to six months or both".

(117) Add the following as sub-clause (2) to the new section 36A of Act 21 of 1969, proposed to be inserted by Clause 2 and the existing provision shall be numbered as (1)

LIBRARY ARCHIVES Kerala Legislative Assembly

(2) "Any amount payable under a Gehan created in favour of the State Co-operative Bank or a District Co-operative Bank or a Primary Agricultural credit Society or a Primary Housing Society or a Primary Credit Society shall have priority over any claim of Government arising from any loan granted after the creation of Gehan.

99-ൽ 36A ക്ലാസ്സ് 2-ൽ District Co-operative Bank or Primary Agricultural Credit Society എന്നതിനിടയിൽ "or Urban Co-operative Banks except unlicenced Urban Banks എന്നു വരണം. പൊതുവേ തർക്ക വിഷയമായിട്ടുള്ള കാര്യമാണ്. Unlicenced Urban Banks ഒഴികെയുള്ള Urban Co-operative Banks എന്നാക്കണം.

Shri. Mathai Chacko : Sir, I move the following amendments :

(103) In tbe explanation to the new section 36A of Act 21 of 1969, proposed to be inserted by Clause 2 after the words "Primary Housing Society" insert the words "The Kerala State Co-operative Housing Federation".

(107) In the new Section 36A of Act 21 of 1969, proposed to be inserted in Clause 2 after the words "Primary Housing Society" insert the words "The Kerala State Co-operative Federation" wherever it occurs.

36A-യുടെ explanation-ൽ Primary Housing Society എന്ന് പറയുന്നുണ്ട്. Primary Housing Society-യുടെ കൂടെത്തന്നെ "The Kerala State Co-operative Housing Federation" എന്നുകൂടി ഉൾപ്പെടുത്തണം.

Shri M.V.Jayarajan : Sir, I move the following amendments :

(105) In the new Section 36A of Act 21 of 1969, proposed to be inserted in Clause 2 after the words " Primary Housing Society" insert the words "or an Urban Bank or an Employees Co-operative society" wherever it occurs.

(106) In the explanation to the new Section 36A of Act 21 of 1969, proposed to be inserted in Clause 2 after the words "Primary Housing society" insert the words "or an Urban Bank or an Employees Co-operative Society".

"Primary Housing Society" അതിനുശേഷം or an Urban Bank or an Employees Co-operative Soceity എന്നതുകൂടി ഉൾപ്പെടുത്തണമെന്നതാണ് എന്റെ നമ്പർ ഭേദഗതി. 36 (A) കൊണ്ടുവരുമ്പോൾ അത് കുറച്ചുകൂടി നന്നായി റീ-കൺസ്ട്രക്ട് ചെയ്യുന്നതിനുവേണ്ടിയാണ്. ഈ രീതിയിൽ റീ-കൺസ്ട്രക്ട് ചെയ്യുന്നതായിരിക്കും ബില്ലിൽ കുറച്ചുകൂടി കാര്യങ്ങൾ മനസ്സിലാക്കാൻ സഹായകരമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Shri K. P. Rajendran : Sir, I move the following amendments :

(111) In the explanation to the new Section 36A of Act 21 of 1969, proposed to be inserted by clause 2, after the word Gehan" insert the words "shall mean" and omit the word "means".

(115) In the explanation to the new section 36A of Act 21 of 1969, proposed to be inserted by Clause 2 after the last word "mortgage" insert the word "hypothication".

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, അർബൻ ബാങ്കിനെപ്പറ്റി പറഞ്ഞു, അർബൻ ബാങ്ക് ഇന്നുതന്നെ ഡെപ്പോസിറ്റ് ഡീഡ് പേപ്പർ വയ്ക്കുന്നുണ്ട്. ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 96, 101, 102, 112, 113 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 99, 100, 104, 108, 109, 117 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 103, 107 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 105, 106 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 111, 115 എന്നീ നമ്പർ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

Shr. K. P. Rajendran : Sir, I move the following amendment:

(119) In sub-section (4) of section 10 of Act 20 of 1984, proposed to be substituted by Clause 3, after the words "sends" add "immediately" and delete the word "within" such time.

LIBRARY ARCHIVES Kerala Legislative Assembly

In sub-section (4) of section 10 Act 20 of 1984, proposed to be substituted by Clause 3, after the words "sends" add "immediately".....'within' എന്നു പറയുന്നതിനു പകരം "immediately" എന്നു ചേർക്കണം. Immediate ആയ effect വരുന്നതിനുവേണ്ടിയാണ്. അതിന്റെ നിയമം 3 തന്നെയാണ്. അത് സ്വീകരിക്കാവുന്നതാണ്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : ഡിക്ലറേഷനെപ്പറ്റി ഇതിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗം ആക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Smt. P.K. Sreemathi Teacher : Sir, I move the following amendment :

(90) The title of the Bill shall be recast as follows :

"The Kerala Co-operative Societies and the Kerala State Co-operative Agricultural and Rural Development Banks (Amendment) Bill, 2003".

Shri Thomas Unniyadan : Sir, I move the following amendments :

(91) In the Enacting formula for the words "fifty-tbird year" the words "fifty-fourth year" shall be substituted.

(94) For Clause 1 (1) the following shall be substituted, namely :-

"(1) This Act may be called the Kerala Co-operative Laws (Amendment) Act, 2003".

സർ, 91 -ാം നമ്പർ ഭേദഗതിയിൽ fifty-third year എന്നുള്ളത് "fifty-fourth year" എന്നാക്കണം.

Shri V. K. Chandran : Sir, I move the following amendment :

(95) Clause 1 (2) shall be recast as follows :

"It shall come into force on such date as the Government may by notification in the Gazette, appoint".

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 91, 94 എന്നീ നമ്പർ ഭേദഗതികൾ സ്വീകാര്യമാണ്.

മി. സ്പീക്കർ : ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 91, 94 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും തുറമുഖവും വകുപ്പു മന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : 2002-ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ഷിബു ബേബിജോൺ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന കശുവണ്ടി വ്യവസായം ഏറെ പ്രതിസന്ധി നേരിടുകയാണ്. കൊല്ലം ജില്ലയിലാകെ കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉന്നയിക്കുന്നു എന്ന വ്യാജേന പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുകയാണ്. ഒരു കാലഘട്ടത്തിൽ കശുവണ്ടി തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി ഒറ്റക്കെട്ടായി പടപൊരുതിയ ട്രേഡ് യൂണിയൻ പാരമ്പര്യമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് കശുവണ്ടിത്തൊഴിലാളിയെ കാണാനില്ല. അതിൽ സി.ഐ.ടി.യു., എ.ഐ.ടി.യു.സി. തൊഴിലാളി, 'ഐ' തൊഴിലാളി, ഔദ്യോഗിക തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly